2023
OCTOBER
19
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## നെല്ല് സംഭരണം :തുടർ ചർച്ചകൾക്ക് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി



**കൊച്ചി:** നെല്ല് സംഭരണം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ മന്ത്രസഭാ ഉപസമിതി യോഗത്തിൽ തീരുമാനമായി. കൊയ്ത് കഴിഞ്ഞിരിക്കുന്ന നെല്ല് താമസം കൂടാതെ സംഭരിക്കുവാനും കർഷകർക്ക് എത്രയും വേഗം സംഭരണ വില നൽകാനും ആവശ്യമായ നടപടികൾ സ്വീകരിക്കും. ഇതിനായി കേരള ബാങ്കിൽ നിന്ന് വായ്പ ലഭ്യമാക്കാനുള്ള ചർച്ചകൾ നടന്നു വരികയാണ്. കേരള ബാങ്കിന് പി.ആർ.എസ് വായ്പ ഇനത്തിൽ നൽകാനുള്ള കുടിശിക നൽകാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കും കേരള ബാങ്കിൽ നിന്ന് വായ്പ എടുക്കുന്നതിനുള്ള നിയമപരമായ തടസങ്ങൾ നീക്കുന്നതിന് കൺസോർഷ്യം ബാങ്കുകളായ എസ്.ബി.ഐ, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയുമായി കൂടിയാലോചനകൾ നടത്തുന്നതാണ്. ഇക്കാര്യങ്ങളിൽ തുടർപ്രവർത്തനങ്ങൾ നടത്താൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.നിലവിൽ 10 മില്ലുകളാണ് നെല്ലുസംഭരണ പ്രവർത്തനങ്ങൾക്കായി സർക്കാരുമായി സഹകരിക്കാൻ തയ്യാറായിട്ടുള്ളത്. ഈ മില്ലുകൾക്കായി ഇതിനോടകം 25023.61 മെട്രിക് ടൺ നെല്ല് ശേഖരിക്കുന്നതിനായി പാടശേഖരങ്ങൾ അലോട്ട്ചെയ്തു നൽകിയിട്ടുണ്ട്. ഇതിനോടകം 2954.653 ടൺ നെല്ല് കർഷകരിൽനിന്നും സംഭരിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ ഒരു വിഭാഗം മില്ലുടമകൾ ഔട്ട്ടേൺ റേഷ്യോയുടെ വിഷയത്തിലുള്ള തർക്കമുന്നയിച്ചുകൊണ്ട് ഈ പ്രവർത്തനങ്ങളിൽ സഹകരിക്കാൻ തയ്യാറായിട്ടില്ല. കേന്ദ്ര സർക്കാർ സംഭരിക്കേണ്ട നെല്ലിൽ നിന്നും ലഭിക്കേണ്ട അരിയുടെ അനുപാതം 100:68 എന്ന് നിശ്ചയിച്ചിരുന്നുവെങ്കിലും കേരളത്തിലെ കാലാവസ്ഥാ പ്രത്യേകതകൾ പരിഗണിച്ചുകൊണ്ട് സംസ്ഥാനത്ത് ഇത് 100:64.5 ആയി നിശ്ചയിച്ചിരുന്നു. എന്നാൽ അടുത്തകാലത്തുണ്ടായ കേരള ഹൈക്കോടതി വിധിയിൽ ഇപ്രകാരം വ്യത്യാസപ്പെടുത്തി നിശ്ചയിക്കാൻ സംസ്ഥാന സർക്കാരിന് നിയമപരമായി അധികാരമില്ല എന്ന് വ്യക്തമാക്കിയതിനാൽ കേന്ദ്രസർക്കാർ നിശ്ചയിച്ച അനുപാത പ്രകാരമേ മില്ലുടമകളുമായി കരാറിലേർപ്പെടാൻ സപ്ലൈകോയ്ക്ക് സാധ്യമാവുകയുള്ളൂ. ഇക്കാര്യം കണക്കിലെടുത്തുകൊണ്ട് നെല്ലുസംഭരണ നടപടികളുമായി സഹകരിക്കാൻ എല്ലാ മില്ലുടമകളും മുന്നോട്ടുവരണമെന്ന് ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ അനിൽ പറഞ്ഞു.

## ഗ്രീൻഎനർജി കോറിഡോർ:
# അംഗീകാരം നൽകി കേന്ദ്രമന്ത്രിസഭ

**ന്യൂഡൽഹി:** ലഡാക്കിലെ 13 ജിഗാവാട്ട് പുനരുപയോഗ ഊർജ്ജ പദ്ധതിക്കായുള്ള ഗ്രീൻ എനർജി കോറിഡോർ (ജി ഇ സി) രണ്ടാം ഘട്ടം അന്തർ സംസ്ഥാന ട്രാൻസ്മിഷൻ സിസ്റ്റത്തിന് (ഐഎസ്ടിഎസ്) കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം.പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന സാമ്പത്തിക കാര്യ മന്ത്രിസഭാ സമിതിയാണ് അംഗീകാരം നൽകിയത്. 20,773.70 കോടി രൂപ മൊത്തം അടങ്കൽ തുകയും പദ്ധതി ചെലവിന്റെ 40 ശതമാനം കേന്ദ്ര സാമ്പത്തിക സഹായമായ 8,309.48 കോടി രൂപയും ഉൾപ്പെടുന്ന പദ്ധതി 2029-30 സാമ്പത്തിക വർഷത്തോടെ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡാണ് (പവർഗ്രിഡ്) പദ്ധതിയുടെ നടപ്പാക്കൽ ഏജൻസിയായി പ്രവർത്തിക്കുക. അത്യാധുനിക വോൾട്ടേജ് സോഴ്സ് കൺവെർട്ടർ (വി എസ് സി) അടിസ്ഥാനമാക്കിയുള്ള ഹൈ വോൾട്ടേജ് ഡയറക്ട് കറന്റ് (എച്ചിഡിസി) സംവിധാനവും എക്സ്ട്രാ ഹൈ വോൾട്ടേജ് ആൾട്ടർനേറ്റിംഗ് കറന്റ് (ഇ എച്ച് വി എ സി) സംവിധാനങ്ങളും വിന്യസിക്കും.വൈദ്യുതി കൊണ്ടുപോകാനുള്ള ട്രാൻസ്മിഷൻ ലൈൻ ഹിമാചൽ പ്രദേശ്, പഞ്ചാബ് എന്നിവയിലൂടെ ഹരിയാനയിലെ കൈതാൽ വരെ കടന്നുപോകും, അവിടെ അത് ദേശീയ ഗ്രിഡുമായി സംയോജിപ്പിക്കും. ലേയിലെ ഈ പദ്ധതിയിൽ നിന്ന് നിലവിലുള്ള ലഡാക്ക് ഗ്രിഡിലേക്ക് ഒരു പരസ്പര യോജിതമായ കണക്ഷനും ആസൂത്രണം ചെയ്തിട്ടുണ്ട്. ജമ്മു കശ്മീരിന് വൈദ്യുതി നൽകുന്നതിനായി ഇത് ലേഅലുസ്റ്റെംഗ്ശ്രീനഗർ ലൈനുമായി ബന്ധിപ്പിക്കും. 713 കി.മീ ട്രാൻസ്മിഷൻ ലൈനുകളും (480 കി.മീ എച്ച്.വി.ഡി.സി ലൈൻ ഉൾപ്പെടെ), 5 ജിഗാവാട്ട് ശേഷിയുള്ള ഓരോ എച്ച് വി ഡി സി ടെർമിനലുകളും പാങ് (ലഡാക്ക്), കൈതാൽ (ഹരിയാന) എന്നിവിടങ്ങളിൽ സ്ഥാപിക്കും. 2030ഓടെ ഫോസിൽ ഇതര ഇന്ധനങ്ങളിൽ നിന്ന് 500 ജിഗാവാട്ട് സ്ഥാപിത വൈദ്യുതി ശേഷി



എന്ന ലക്ഷ്യം കൈവരിക്കുന്നതിന് പദ്ധതി പങ്കുവഹിക്കും. രാജ്യത്തിന്റെ ദീർഘകാല ഊർജ്ജ സുരക്ഷ വികസിപ്പിക്കുന്നതിനും കാർബൺ ഫുട്ട്പ്രിന്റ് കുറയ്ക്കുന്നതിലൂടെ പാരിസ്ഥിതികമായി സുസ്ഥിരമായ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി സഹായിക്കും. വൈദഗ്ധ്യമുള്ളവർക്കും അവിദഗ്ധർക്കും, വൈദ്യുതിയിലും മറ്റ് അനുബന്ധ മേഖലകളിലും പ്രത്യക്ഷവും പരോക്ഷവുമായ വലിയ തൊഴിലവസരങ്ങൾ ലഡാക്ക് പ്രദേശത്ത് സൃഷ്ടിക്കപ്പെടും.ഗ്രിഡ് ഏകീകരണത്തിനും ഊർജ്ജ വിതരണത്തിനുമായി ഗുജറാത്ത്, ഹിമാചൽ പ്രദേശ്, കർണാടക, കേരളം, രാജസ്ഥാൻ, തമിഴ്നാട്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ ഇതിനകം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇൻട്രാസ്റ്റേറ്റ് ട്രാൻസ്മിഷൻ സിസ്റ്റം ഗ്രീൻ എനർജി കോറിഡോർ ഫേസ്2 (INSTS GEC-II) ന് പുറമേയാണിത്. ഈ പദ്ധതി 2026 ഓടെ പൂർത്തിയാകുമെന്നാണ് പ്രതീക്ഷ. സബ്സ്റ്റേഷനുകളുടെ 10753 കി.മീ ട്രാൻസ്മിഷൻ ലൈനുകളും 27546 ങഢഅ കപ്പാസിറ്റിയും കൂട്ടിച്ചേർക്കലും ലക്ഷ്യമിട്ടുള്ള InSTS GEC-II പദ്ധതിക്ക് 12,031.33 കോടി രൂപയും 33 ശതമാനം കേന്ദ്ര സാമ്പത്തിക സഹായമായ(ഇഎഅ) 3970.34 കോടി രൂപയുമാണ് പ്രതീക്ഷിത പദ്ധതി ചെലവായി പ്രതീക്ഷിക്കുന്നത്.

## വികലാംഗർ എന്ന പദം നീക്കി; ഇനി ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ

**തിരുവനന്തപുരം:**കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ഇനി മുതൽ കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ അഥവാ കേരള സ്റ്റേറ്റ് ഡിഫറന്റ്ലി ഏബിൾഡ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ അറിയപ്പെടുമെന്ന് ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു.വികലാംഗർ എന്നുള്ള പദപ്രയോഗം ഔദ്യോഗിക കാര്യങ്ങളിൽ നിന്ന് ഒഴിവാക്കാൻ നേരത്തേതന്നെ മന്ത്രി നിർദ്ദേശം നൽകിയിരുന്നു. ഇക്കാര്യത്തിൽ കോർപ്പറേഷൻ ഡയറക്ടർ ബോർഡ് തീരുമാനമെടുത്ത് കേന്ദ്ര സർക്കാരിനു കീഴിലെ കമ്പനി മന്ത്രാലയത്തെ സമീപിച്ചുവെങ്കിലും അംഗീകാരം നിഷേധിച്ചു. പുനർനാമകരണം വേഗമാക്കാൻ വീണ്ടും സാമൂഹ്യനീതി വകുപ്പ് ശക്തമായ നിർദ്ദേശം കോർപ്പറേഷന് നൽകി. 2023 ആഗസ്റ്റിൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗം വീണ്ടും ഇതേ ആവശ്യം കേന്ദ്രസർക്കാരിനു കീഴിലെ കമ്പനി മന്ത്രാലയത്തിൽ ഓൺലൈനായി സമർപ്പിച്ചു. ഇതേത്തുടർന്നാണ് പുതിയ പേരിന് അംഗീകാരം.ഔദ്യോഗികമായി പൂർണ്ണമായും പുനർനാമകരണം നിലവിൽ വരാൻ ഡയറക്ടർ ബോർഡ് യോഗവും ജനറൽബോഡി യോഗവും വിളിച്ചുചേർക്കണം. ഡയറക്ടർ ബോർഡ് യോഗം ഒക്ടോബർ 25ന് ചേരും. തുടർന്ന് ജനറൽബോഡി യോഗവും വിളിച്ചുചേർത്ത് അടിയന്തരമായി പേരുമാറ്റ നടപടികൾ പൂർത്തീകരിക്കുമെന്നും മന്ത്രി ഡോ. ബിന്ദു പറഞ്ഞു.



# ഏജിയസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് സൂപ്പർ ക്യാഷ് പ്ലാൻ അവതരിപ്പിച്ചു

**മുംബൈ:** പ്രമുഖ സ്വകാര്യ ലൈഫ് ഇൻഷുറൻസ് സ്ഥാപനങ്ങളിലൊന്നായ ഏജിയസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് (എഎഫ്എൽഐ) റീട്ടെയിൽ ഉപഭോക്താക്കൾക്കായി നോൺലിങ്ക്ഡ്, പാർട്ടിസിപ്പേറ്റിംഗ് സമ്പാദ്യ പദ്ധതിയായ ഏജിയസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് സൂപ്പർ ക്യാഷ് പ്ലാൻ പ്രഖ്യാപിച്ചു. കുടുംബത്തിന് ഉടനടിയുള്ള പണലഭ്യതയുടെയും അചഞ്ചലമായ സാമ്പത്തിക സ്ഥിരതയുടെയും സമുചിതമായ സംയോജനം വാഗ്ദാനം ചെയ്യുന്നതോടൊപ്പം, ഈ പ്ലാൻ സ്ഥിരവരുമാനവും സാമ്പത്തിക പരിരക്ഷയും ആഗ്രഹിക്കുന്നവർക്ക് ഒരു മികച്ച ഓപ്ഷനാണ്.

ആദ്യ പോളിസി മാസത്തിൽ തന്നെ പ്ലാൻ നിങ്ങൾക്ക് വരുമാനം നൽകിത്തുടങ്ങുന്നു. നിങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾക്കുള്ള സമർത്ഥമായ പരിഹാരം തന്നെയാണിത്, ഏജിയസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് എംഡിയും സിഇഒയുമായ വിഘ്നേഷ് ഷഹാനെ പറഞ്ഞു.

ഞങ്ങളുടെ പോളിസി ഉടമകളുടെ വ്യത്യസ്തങ്ങളായ ആവശ്യങ്ങൾ ഈ പ്ലാനിലൂടെ പരിഹരിക്കാൻ ഞങ്ങൾ ലക്ഷ്യമിടുന്നു, അത് അവരുടെ തനത് സാമ്പത്തിക ആവശ്യങ്ങൾക്ക് അനുയോജ്യമാക്കാം, അങ്ങനെ അവരെ ഭാവിയെക്കുറിച്ച് ആശങ്കയില്ലാതെ ജീവിക്കാൻ അനുവദിക്കുന്നു, ഷഹാനെ കൂട്ടിച്ചേർത്തു.

എപ്പോൾ വരുമാനം സ്വീകരിക്കണം എന്ന പോളിസി ഉടമയുടെ തീരുമാനത്തെ ആശ്രയിച്ച്, പോളിസിയുടെ ആദ്യ മാസത്തിൽ തന്നെ ആരംഭിക്കാൻ കഴിയുന്ന സ്ഥിരം വരുമാനത്തിലൂടെ പ്ലാൻ ഉടനടി ലിക്വിഡിറ്റി വാഗ്ദാനം ചെയ്യുന്നു. കൂടാതെ, സമ്പാദ്യം വർദ്ധിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള ഓരോ അഞ്ചാം പോളിസി വർഷത്തിനും ശേഷം പ്ലാൻ ഗ്യാരണ്ടീഡ് ബൂസ്റ്ററുകൾ നൽകുന്നു. പോളിസി കാലാവധിയുടെ അവസാനം പോളിസി ഉടമയ്ക്ക് ലംപ്സം മെച്യൂരിറ്റി ആനുകൂല്യവും ലഭിക്കും.

ലൈഫ് ഇൻഷുറൻസ് വ്യാപനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, ഈ പ്ലാൻ സ്ത്രീകളായ പോളിസി ഉടമകൾക്ക് പ്രീമിയം പേയ്മെന്റ് കാലാവധിയെ ആശ്രയിച്ച് മെച്യൂരിറ്റിയിൽ അഷ്വേർഡ് തുകയിൽ 12% വരെ വർദ്ധന വാഗ്ദാനം ചെയ്യുന്നു.

അടയ്ക്കുന്ന പ്രീമിയങ്ങൾക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾക്കും സാധ്യമായ നികുതി ലാഭവും പ്ലാൻ വാഗ്ദാനം ചെയ്യുന്നു, പോളിസി ഉടമകൾക്ക് തിരഞ്ഞെടുത്ത പ്രത്യേക തീയതിയിൽ സർവൈവൽ ബെനിഫിറ്റ് പേഔട്ടുകൾ മാറ്റിവെക്കാം.

ലൈഫ് അഷ്വേർഡിന്റെ മരണ ശേഷം ഭാവിയിൽ നൽകേണ്ട പ്രീമിയങ്ങൾ ഒഴിവാക്കു ന്നതിനുള്ള ഒരു ഓപ്ഷണൽ ആനുകൂല്യവും പ്ലാൻ വാഗ്ദാനം ചെയ്യുന്നു. നോമിനിക്ക് ഒരു ലംപ്സം ആനുകൂല്യം ഉടനടി നൽകുകയും പോളിസി ആനുകൂല്യങ്ങൾ തുടരുകയും ഷെഡ്യൂൾ അനുസരിച്ച് അത് നൽകുകയും ചെയ്യുന്നു.

പ്രീമിയം ഓഫ്സെറ്റ് പ്രീമിയം പേയ്മെന്റ് കാലയളവിൽ അടയ്ക്കേണ്ട പ്രീമിയങ്ങൾ ഓഫ്സെറ്റ് ചെയ്യുന്നതിന് പോളിസി ഉടമയ്ക്ക് സർവൈവൽ ബെനിഫിറ്റുകൾ ഉപയോഗിക്കാനുള്ള ഓപ്ഷണൽ ആയ മറ്റൊരു ആനുകൂല്യമാണിത്.

## സംസ്ഥാനത്ത് ഓർമ്മത്തോണി എന്ന പേരിൽ മെമ്മറി ക്ലിനിക്കുകൾ ആരംഭിക്കും

**കൊച്ചി:** സാമൂഹിക നീതി വകുപ്പും ആരോഗ്യവകുപ്പും സംയുക്തമായി സംസ്ഥാനത്ത് ഓർമ്മത്തോണി എന്ന പേരിൽ മെമ്മറി ക്ലിനിക്കുകൾ ആരംഭിക്കുമെന്ന് മന്ത്രി ബിന്ദു പറഞ്ഞു. കുസാറ്റ് സെന്റർ ഫോർ ന്യൂറോ സയൻസും സംസ്ഥാന സർക്കാരും ചേർന്ന് ഡിമെൻഷ്യ ബോധവൽക്കരണത്തിനായി കൊച്ചിയിൽ സംഘടിപ്പിച്ച മെമ്മറി വാക്ക് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സംസ്ഥാന സർക്കാർ ഈ വിഷയത്തെ ഗൗരവമായി കാണുന്നുണ്ട്. കൊച്ചിയിലെ മെമ്മറി വാക്കിലൂടെ ഈ പരിപാടിയുടെ സന്ദേശം സംസ്ഥാനത്തുടനീളം ശ്രദ്ധിക്കപ്പെട്ടു. ഡിമൻഷ്യയുടെ ശാസ്ത്രീയമായ പരിഹാരത്തിന് പരിമിതികൾ ഉണ്ടെങ്കിലും സർക്കാർ ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ ഇടപെടലുകളും നടത്തും. പ്രസക്തമായ ഒരു ഉത്തരവാദിത്തമാണ് മെമ്മറി വാക്കിലൂടെ നിർവഹിക്കപ്പെട്ടത് എന്നും മന്ത്രി പറഞ്ഞു.

ടി.ജെ വിനോദ് എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹൈബി ഈഡൻ എം.പി മുഖ്യ പ്രഭാഷണം നടത്തി. കൊച്ചിൻ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ പ്രൊഫസർ പി. ജി ശങ്കരൻ കുസാറ്റിന്റെ ബോധി പദ്ധതി മോഡൽ അവതരിപ്പിച്ചു.

ഡിമെൻഷ്യ സൗഹൃദ എറണാകുളം; വെല്ലുവിളികളും സാധ്യതകളും എന്ന വിഷയത്തിൽ സബ് കളക്ടർ പി വിഷ്ണുരാജ് സംസാരിച്ചു. ജില്ലാ സാമൂഹ്യനീതി ഓഫീസർ എം.വി സ്മിത ആശംസ അറിയിച്ചു. ബോധി പ്രൊജക്റ്റ് ഡയറക്ടർ ഡോ. പി. എസ് ബേബി ചക്രപാണി സ്വാഗതവും ബോധി പ്രോജക്ട് മാനേജർ പ്രസാദ് ഗോപാൽ നന്ദിയും പറഞ്ഞു.




## യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ വിഎംവെയർ ഹീറോ ഫോർ ഗുഡ് അവാർഡ് 2023 നേടി

**മുംബൈ:** യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ വിഎംവെയർ ഹീറോ ഫോർ ഗുഡ് അവാർഡ് 2023 നേടി. സാങ്കേതികവിദ്യയുടെ നൂതന ഉപയോഗത്തിലൂടെ സമൂഹത്തിന് നൽകിയ മാതൃകാപരമായ സംഭാവനകൾക്കുള്ള അംഗീകാരമാണ് ഈ അവാർഡ്.

2023 സെപ്റ്റംബർ 26ന് സിംഗപ്പൂരിൽ നടന്ന വിഎംവെയർ എക്സ്പ്ലോർ ചടങ്ങിലാണ് അവാർഡ് ബാങ്കിന് ലഭിച്ചത്. ആധുനികവും നൂതനവുമായ സാങ്കേതികവിദ്യയ്ക്കായി മുൻകൈയെടുക്കാനുള്ള ബാങ്കിന്റെ പ്രതിബദ്ധത ഈ അംഗീകാരം ഉറപ്പിക്കുന്നു. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയെ പ്രതിനിധീകരിച്ച് ചീഫ് ടെക്നോളജി ഓഫീസർ ശ്രീ അനിൽ കുരിൽ അവാർഡ് ഏറ്റുവാങ്ങി.

ചടങ്ങിൽ സംസാരിച്ച യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ നിതേഷ് രഞ്ജൻ, നവീകരണത്തിലും സുസ്ഥിരതയിലും സമൂഹത്തിലും സമ്പദ്വ്യവസ്ഥയിലും ഗുണപരമായ സ്വാധീനം സൃഷ്ടിക്കുന്നതിനുള്ള ദൗത്യത്തിലും ബാങ്കിന്റെ അചഞ്ചലമായ സമർപ്പണത്തെ ഊന്നിപ്പറഞ്ഞു.

## റോഡ് സുരക്ഷയ്ക്കും ഡിജിറ്റൽ എൻഫോഴ്സ്മെന്റിനുമായി നാഷണൽ ഹൈവേ അതോറിറ്റി

**ന്യൂഡൽഹി:** റോഡ് സുരക്ഷ മെച്ചപ്പെടുത്തുന്നതിനും അപകടങ്ങൾ /സംഭവങ്ങൾ എന്നിവയുടെ പ്രതികരണ സമയം കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട്, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ, അപ്ഗ്രേഡഡ്, ഫോർവേഡ്ലുക്കിംഗ് അഡ്വാൻസ്ഡ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം (എടിഎംഎസ്) മാനദണ്ഡങ്ങൾ 2023 നടപ്പിലാക്കുന്നതിനായി പുതുക്കിയ നയം പുറത്തിറക്കി. ഇതിൽ നിർമിത ബുദ്ധി സാങ്കേതികവിദ്യയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾ പ്രയോജനപ്പെടുത്തുന്നു. ഈ സംരംഭം ദേശീയ പാതകളിലും എക്സ്പ്രസ് വേകളിലും റോഡ്,ഡിജിറ്റൽ സുരക്ഷ വർദ്ധിപ്പിക്കും.

ട്രാഫിക് നിയമങ്ങളുടെ ഡിജിറ്റൽ എൻഫോഴ്സ്മെന്റിന് ഊന്നൽ നൽകുന്നതിന് മുമ്പത്തെ വിഐഡിഎസ് ക്യാമറകൾക്ക് പകരം പുതിയതായി അവതരിപ്പിച്ച വീഡിയോ ഇൻസിഡന്റ് ഡിറ്റക്ഷൻ ആൻഡ് എൻഫോഴ്സ്മെന്റ് സിസ്റ്റം പ്രയോഗത്തിൽ വരുന്നത് ഇതിൽ ഉൾപ്പെടുന്നു. ഇരു ചക്ര വാഹനത്തിൽ 3 പേരുടെ യാത്ര,ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവയുടെ ലംഘനങ്ങൾ, തെറ്റായ പാതയിലോ ദിശയിലോ ഉള്ള ഡ്രൈവിംഗ്, ഹൈവേയിൽ മൃഗങ്ങളുടെ സാന്നിധ്യം, കാൽനട ക്രോസിംഗുകൾ എന്നിവയുൾപ്പെടെ 14 വ്യത്യസ്ത സംഭവങ്ങൾ തിരിച്ചറിയാൻ കഴിയും.

സമഗ്രമായ കവറേജിനായി, ദേശീയ പാതയോരങ്ങളിൽ ഓരോ 10 കിലോമീറ്ററിലും ഈ ക്യാമറകൾ സ്ഥാപിക്കാൻ പദ്ധതിയിട്ടിരിക്കുന്നു. ഓരോ 100 കിലോമീറ്ററിലും അത്യാധുനിക കമാൻഡ് & കൺട്രോൾ കേന്ദ്രങ്ങൾ വിവിധ ക്യാമറ ഫീഡുകൾ സംയോജിപ്പിക്കുന്നു.

ഇതുകൂടാതെ, ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ (എഎൻപിആർ) ക്യാമറകൾ പ്രയോജനപ്പെടുത്തി,വെഹിക്കിൾ സ്പീഡ് ഡിറ്റക്ഷൻ സിസ്റ്റം (വിഎസ്ഡിഎസ്) ഇപ്പോൾ വീഡിയോകളിൽ സംയോജിപ്പിച്ചിരിക്കുന്നു.

കൂടാതെ, ട്രാഫിക് മോണിറ്ററിംഗ് ക്യാമറ സിസ്റ്റവും (ടിഎംസിഎസ്) നവീകരിക്കും. ദേശീയ പാതയിൽ ഓരോ ഒരു കിലോമീറ്ററിലും സ്ഥാപിച്ചിരിക്കുന്ന ഈ ക്യാമറകൾക്ക് അപകടങ്ങളും നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങളും കണ്ടെത്താനുള്ള കഴിവുകൾ പോലുള്ള വിപുലമായ സംവിധാനം നൽകിയിട്ടുണ്ട്.

പ്രാദേശിക ട്രാഫിക് ഏജൻസികളുമായുള്ള സഹകരണം ശക്തിപ്പെടുത്തിക്കൊണ്ട്, ട്രാഫിക് പോലീസ് പ്രതിനിധികൾക്കായി എൻഎച്ച്എഐ കമാൻഡ് ആൻഡ് കൺട്രോൾ സെന്ററിൽ പ്രത്യേക വർക്ക് സ്റ്റേഷനുകൾ അനുവദിക്കും. മാത്രമല്ല, തത്സമയ ഏകോപനവും പ്രതികരണവും വർദ്ധിപ്പിക്കുന്നതിന് നെറ്റ്വർക്കിലൂടെ ക്യാമറ ഫീഡുകൾ പങ്കിടുന്നതിനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഫലപ്രദമായ ആസൂത്രണത്തിനും നിർവഹണത്തിനും വേണ്ടിയുള്ള ഇൻപുട്ടുകൾ നൽകിക്കൊണ്ട് എടിഎംഎസ് വിന്യാസം ദുരന്തനിവാരണത്തിൽ ഒരു സജീവ പങ്ക് വഹിക്കും. ഏജൻസികളെയും ഹൈവേ ഉപയോക്താക്കളെയും സഹായിക്കുന്ന തൽസമയ ഗതാഗത വിവരങ്ങൾ ഉൾപ്പെടെ മറ്റ് പ്രധാന വിവരങ്ങളുടെ ഓൺലൈൻ പങ്കിടലും ഇത് നൽകും.

ഒപ്റ്റിക് ഫൈബർ കേബിളുകളുടെ (ഛഎഇ) അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി ദേശീയ പാതയോരങ്ങളിൽ സംയോജിത യൂട്ടിലിറ്റി കോറിഡോറുകൾ വികസിപ്പിച്ചുകൊണ്ട് ഡിജിറ്റൽ ഹൈവേകൾ നടപ്പിലാക്കാനും നയം വ്യവസ്ഥ ചെയ്യുന്നു.

കമാൻഡ് & കൺട്രോൾ സെന്ററുമായി ആശയവിനിമയം നടത്താൻ അഠങ്ങട ഉപകരണങ്ങൾ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ ഉപയോഗിക്കുമെങ്കിലും, ഭാവിയിൽ കവറേജ് വർദ്ധിക്കുന്നതിനനുസരിച്ച് 5ഏ അടിസ്ഥാനമാക്കിയുള്ള ആശയവിനിമയത്തിനും നയത്തിൽ വ്യവസ്ഥകളുണ്ട്.

ആധുനിക ആവശ്യകതകൾക്ക് അനുസൃതമായി, ചഒഅക യുടെ പുതിയ മാനദണ്ഡങ്ങൾ ഹാർഡ്വെയറും സോഫ്റ്റ്വെയർ ഘടകങ്ങളും പരിഷ്കരിച്ചിട്ടുണ്ട്.

## സെലക്ട് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു

**കൊച്ചി:** എറണാകുളം റീജിയണൽ പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയെന്റ് എക്സ്ചേഞ്ചിൽ 202426കാലയളവിലേക്ക് വിവിധ ഒഴിവുകളിലേക്കുള്ള താത്കാലിക സെലക്ട് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു.

ഉദ്യോഗാർത്ഥികൾക്ക് ഓഫീസിൽ നേരിട്ടെത്തിയോ www.eemployment.kerala.gov.in എന്ന സൈറ്റ് മുഖേനയോ സെലക്ട് ലിസ്റ്റ് പരിശോധിക്കാം. പരാതികൾ 2023 നവംബർ 10 നകം സൈറ്റിലെ അപ്പീൽ മെനു മുഖേനയോ, ഓഫീസിൽ നേരിട്ടോ നൽകാവുന്നതാണ്.

ഇമെയിൽ വിലാസം: rpeeekm.emp.lbr@kerala.gov.in

# അഗ്നിപഥ് ആർമി റിക്രൂട്ട്മെന്റ് റാലി: ഒരുക്കങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കും

മഹാരാജാസ് ഗ്രൗണ്ടിൽ നടക്കുന്ന റാലിയിൽ എറണാകുളം മുതൽ തിരുവനന്തപുരം വരെയുള്ള 7 ജില്ലകളിലെ ഉദ്യോഗാർഥികൾ പങ്കെടുക്കും



**കൊച്ചി:** അഗ്നിപഥ് പദ്ധതിയുടെ ഭാഗമായി എറണാകുളത്ത് നവംബർ 16 മുതൽ 25 വരെ നടക്കുന്ന ആർമി റിക്രൂട്ട്മെന്റ് റാലിയുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കും. ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെയും തിരുവനന്തപുരം ആർമി റിക്രൂട്ടിംഗ് ഓഫീസ് ഡയറക്ടർ കേണൽ കെ. വിശ്വനാഥിന്റെയും നേതൃത്വത്തിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിലാണ് റാലി നടക്കുക. ഇതുമായി ബന്ധപ്പെട്ട് വിവിധ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. ചുമതലകളുമായി ബന്ധപ്പെട്ട് ഓരോ വകുപ്പുകളുടെയും പ്രവർത്തന പുരോഗതി യോഗത്തിൽ വിലയിരുത്തി.

എറണാകുളം മുതൽ തിരുവനന്തപുരം വരെയുള്ള ഏഴ് ജില്ലകളിലെ ഉദ്യോഗാർഥികളാണ് റാലിയിൽ പങ്കെടുക്കുക. പ്രാഥമിക എഴുത്തു പരീക്ഷയിൽ വിജയിച്ച ആറായിരം പേർ റാലിക്കെത്തുമെന്നാണ് പ്രതീക്ഷ. പ്രതിദിനം ആയിരത്തോളം പേരായിരിക്കും എത്തുക. രാവിലെ 3 ന് റാലിയുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിക്കും. രജിസ്ട്രേഷനു ശേഷം രാവിലെ ആറു മുതൽ 9.30 വരെയായിരിക്കും ശാരീരിക പരിശോധന നടക്കുക. വിവിധ ഗ്രൂപ്പുകളായി തിരിച്ചായിരിക്കും ടെസ്റ്റുകൾ നടത്തുന്നത്.

ശാരീരിക പരിശോധനയ്ക്ക് ശേഷം ശാരീരിക അളവ് പരിശോധന നടക്കും. തുടർന്ന് രേഖകളുടെ പരിശോധന നടക്കും. വിദ്യാഭ്യാസ യോഗ്യതയും കായികക്ഷമതയും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ കർശന പരിശോധനയ്ക്ക് വിധേയമാക്കും. ഇതിനു ശേഷം തിരഞ്ഞെടുക്കപ്പെടുന്നവർക്കായി സമ്പൂർണ്ണ വൈദ്യ പരിശോധന നടത്തും.

കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ സബ് കളക്ടർ പി. വിഷ്ണു രാജ്, പോലീസ്, ഫയർ, കെ.എസ്.ഇ.ബി, ആരോഗ്യം, കൊച്ചി കോർപ്പറേഷൻ, ശുചിത്വമിഷൻ, വാട്ടർ അതോറിറ്റി, പൊതുമരാമത്ത്, റവന്യൂ, സ്പോർട്സ് കൗൺസിൽ, ബി.എസ്.എൻ.എൽ തുടങ്ങിയ വിവിധ വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്തു.

# സ്കിൽ ഷെയർ പ്രോഗ്രാം: അഞ്ച് വിദ്യാലയങ്ങൾക്ക് 50,000 രൂപ വീതം ലഭിക്കും

**കൊച്ചി:** സമഗ്ര ശിക്ഷാ കേരളം വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച സ്കിൽ ഷെയർ പ്രോഗ്രാമിൽ ജില്ലയിലെ 5 വൊക്കേഷൻ ഹയർ സെക്കൻഡറി സ്കൂളുകൾ മികച്ച നേട്ടം കൈവരിച്ചു. മൂവാറ്റുപുഴ തർബിയത്ത് ട്രസ്റ്റ് വി.എച്ച്.എസ്.ഇ. , കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് വി.എച്ച്.എസ്.ഇ., നേര്യമംഗലം ഗവ. വി.എച്ച്.എസ്.ഇ., പള്ളുരുത്തി എസ്.ഡി.പി.വൈ വി.എച്ച്.എസ്.ഇ, വാളകം മാർസ്റ്റീഫൻ വി.എച്ച്.എസ്.ഇ എന്നീ സ്കൂളുകളാണ് തിരഞ്ഞെടുക്കപ്പെട്ടത്.

വി.എച്ച്.എസ്.സി വിദ്യാർത്ഥികൾ അവരുടെ തൊഴിലധിഷ്ഠിത പഠനത്തിന്റെ ഭാഗമായി സമൂഹത്തിൽ നടപ്പിലാക്കി വിജയിപ്പിക്കുവാൻ പര്യാപ്തമായ പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുന്ന പരിപാടിയാണ് സ്കിൽ ഷെയർ. ജില്ലയിൽ 30 പ്രോജക്ടുകളാണ് വിവിധ സ്കൂളുകളെ പ്രതിനിധീകരിച്ച് കുട്ടികൾ അവതരിപ്പിച്ചത്. അവയിൽ നിന്നും അവതരണ മികവും പ്രായോഗികതയും വിലയിരുത്തിയ ജഡ്ജസ് പാനൽ 5 പ്രോജക്ടുകൾ തിരഞ്ഞെടുത്തു. ഈ പ്രോജക്ടുകൾ നടപ്പിലാക്കാനാണ് സമഗ്ര ശിക്ഷ കേരളം 50,000 രൂപ വീതം നൽകുന്നത്.

വി.എച്ച്.എസ്.ഇ അസിസ്റ്റന്റ് ഡയറക്ടർ ലിസി ജോസഫ്, സമഗ്ര ജില്ലാ പ്രൊജക്റ്റ് കോ ഓഡിനേറ്റർ ബിനോയ് കെ ജോസഫ്, ജില്ലാ പ്രോഗ്രാം ഓഫീസർ മെർലിൻ ജോർജ് എന്നിവർ വിജയികളെ പ്രഖ്യാപിച്ചു. സമൂഹത്തിന് പ്രയോജനപ്രദമാകുന്ന വിധത്തിൽ അവാർഡ് തുക കൊണ്ട് മൂന്ന് മാസത്തിനകം വിദ്യാർത്ഥികൾ പദ്ധതികൾ സാക്ഷാത്കരിക്കും. പ്രോജക്ടുകളുടെ വിലയിരുത്തൽ തൃപ്പൂണിത്തുറ, മട്ടാഞ്ചേരി, മൂവാറ്റുപുഴ, കോതമംഗലം ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ നിർവ്വഹിച്ചു.



# അടിസ്ഥാന സൗകര്യങ്ങളില്ലാതെ മലങ്കര ടൂറിസം ഹബ്ബ്



**തൊടുപുഴ:** കോടികൾ ചെലവഴിച്ചെങ്കിലും നോക്കുകുത്തിയായി നിൽക്കുന്ന മലങ്കര ടൂറിസം കേന്ദ്രത്തിലെ എൻട്രൻസ് പ്ലാസയുടെ അപാകതകൾ പരിഹരിക്കുന്നതിനു നടപടി തുടങ്ങി.

ടൂറിസം വകുപ്പിൻറെ കോടികൾ ചെലവഴിച്ച് ഹാബിറ്റാറ്റ് നടത്തിയ നിർമാണ പ്രവർത്തനത്തിൽ അടിമുടി വീഴ്ച സംഭവിച്ചതോടെയാണ് എൻട്രൻസ് പ്ലാസ ഒരു പ്രയോജനവും ഇല്ലാതെ നിലനിൽക്കുന്നത്. ഇവിടെയെത്തുന്ന സന്ദർശകരാകട്ടെ അടിസ്ഥാന സൗകര്യമില്ലാതെ വലയുകയാണ്. എൻട്രൻസ് പ്ലാസയ്ക്കുള്ളിൽ ടോയ്‌ലറ്റും കുടിവെള്ള സൗകര്യവും ഉണ്ടെങ്കിലും ഇത് ഇവിടെയെത്തുന്ന നൂറുകണക്കിന് സന്ദർശകർക്ക് പ്രയോജനപ്പെടാത്ത അവസ്ഥയിലാണ്.

എൻട്രൻസ് പ്ലാസയ്ക്കായി നിർമിച്ച കെട്ടിടം പൂർണമായും ചോർന്നൊലിക്കുന്ന നിലയിലാണ്. ഈ സാഹചര്യത്തിൽ കെട്ടിടത്തിൻറെ അറ്റകുറ്റപ്പണി സംബന്ധിച്ച് എസ്റ്റിമേറ്റ് തയാറാക്കാൻ ജില്ലാകളക്ടർ ജലവിഭവവകുപ്പിനു നിർദേശം നൽകി. ടൂറിസം വകുപ്പിൽ നിന്നുള്ള ഫണ്ടു ചെലവഴിച്ച് അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി പ്ലാസ സഞ്ചാരികൾക്കായി തുറന്നു നൽകാനാണ് തീരുമാനം.

200 പേർക്ക് ഇരിക്കാവുന്ന ഓഡിറ്റോറിയം, സ്റ്റാളുകൾക്കായുള്ള മുറികൾ, ടോയ്‌ലറ്റുകൾ എന്നിവ ഉൾപ്പെടെയാണ് എൻട്രൻസ് പ്ലാസയിലുള്ളത്. നിലവിൽ ടോയ്‌ലറ്റ് മാത്രമാണ് സന്ദർശകർക്കായി തുറന്നു നൽകിയിരിക്കുന്നത്. ഇതോടനുബന്ധിച്ച് കുടിവെള്ള സൗകര്യവുമുണ്ട്. എന്നാൽ ഇതു സൂചിപ്പിക്കുന്ന ഒരു ബോർഡുപോലും ഇവിടെയില്ല. നേരത്തെ സ്ഥാപിച്ചിരുന്ന ബോർഡുകൾ മോഷണം പോയതായാണ് അധികൃതർ പറയുന്നത്. മലങ്കരയിൽ എത്തുന്ന സന്ദർശകർക്കായി ഇവിടെ ഭക്ഷണ സ്റ്റാളോ മറ്റ് സൗകര്യങ്ങളോ നിലവിലില്ല.

ഇവിടെയെത്തുന്ന കുട്ടികൾ ഉൾപ്പെടെയുള്ളവർ ഭക്ഷണം പോലും ലഭിക്കാതെ കഷ്ടത്തിലാകുന്ന സ്ഥിതിയാണ്. എൻട്രൻസ് പ്ലാസയിൽ ഭക്ഷണശാല പ്രവർത്തിപ്പിക്കാൻ സൗകര്യമുണ്ട്. മിൽമ, ഭക്ഷ്യ വകുപ്പ്, മറ്റ് സർക്കാർ ഏജൻസികൾ, പ്രദേശവാസികൾ എന്നിങ്ങനെയുള്ളവർ ഭക്ഷണശാല നടത്തിപ്പിനായി അധികൃതരെ സമീപിച്ചെങ്കിലും അനുമതി ലഭിച്ചിട്ടില്ല. ഡാമിൻറെ സുരക്ഷ മുൻനിർത്തിയാണ് പുറമെ നിന്നുള്ളവർക്ക് മലങ്കരയിൽ കച്ചവട സ്ഥാപനങ്ങൾ നൽകാൻ അനുമതി നൽകാത്തത്. ഇവിടെയെത്തുന്നവർക്ക് ഇത്തരം ആവശ്യങ്ങൾക്കായി മുട്ടം ടൗണിലെത്തണം.

എൻട്രൻസ് പ്ലാസയുടെ അപാകതകൾ പരിഹരിച്ച് ഇവിടം സന്ദർശകർക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് കളക്ടർ നിർദേശം നൽകിയിരിക്കുന്നത്.

# സമ്പൂർണ സ്കൂൾ അടുക്കള പച്ചക്കറിത്തോട്ടം; ജില്ലാതലപ്രഖ്യാപനം നടന്നു

**കൊല്ലം:** സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായ 'സ്കൂൾ അടുക്കള പച്ചക്കറിത്തോട്ടം പദ്ധതി' ജില്ലയിലെ 879 വിദ്യാലയങ്ങളിലും സമ്പൂർണ്ണമായി നടപ്പിലാക്കിയതിന്റെ ജില്ലാതല പ്രഖ്യാപനം നടന്നു. പന്മന മനയിൽ എസ് ബി വി എസ് ജി എച്ച് എസ് സ്കൂളിൽ സുജിത്ത് വിജയൻ പിള്ള എം എൽ എ ഉദ്ഘാടനം ചെയ്തു.

കുട്ടികളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിൽ പദ്ധതിക്ക് ഏറെ പങ്കുണ്ടെന്നും ഇതിലൂടെ വിഷരഹിത പച്ചക്കറി ഉച്ചഭക്ഷണത്തിന് ഉപയോഗിക്കാൻ കഴിയുന്നത് അഭിമാനകരമാണെന്നും എം എൽ എ പറഞ്ഞു.

ചവറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സന്തോഷ് തുപ്പാശ്ശേരി അധ്യക്ഷനായി. സംസ്ഥാന ഭക്ഷ്യ കമ്മീഷൻ അംഗം സബിത ബീഗം മുഖ്യാതിഥിയായി.പദ്ധതി പ്രവർത്തനത്തിൽ മികവ് പുലർത്തിയ ചവറ നൂൺമീൽ ഓഫീസർ കെ ഗോപകുമാറിന് പുരസ്കാരം നൽകി. പന്മന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം ഷമി മുതിർന്ന കർഷകനെ ആദരിച്ചു.

ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ എം ജെ റസീന, ജില്ലാ നൂൺ ഫീഡിങ് സൂപ്പർവൈസർ സൈഫുദ്ദീൻ മുസിലിയാർ, ഹെഡ്മിസ്ട്രസ് ആർ ഗംഗാദേവി, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പന്മന ബാലകൃഷ്ണൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം പ്രസന്നൻ ഉണ്ണിത്താൻ, തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, ജനപ്രതിനിധികൾ, അധ്യാപകർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# റിസോഴ്സ് സെന്റർ പ്രവർത്തനമാരംഭിച്ചു

**കൊല്ലം:** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത വികസനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ബ്ലോക്ക് പഞ്ചായത്ത് റിസോഴ്സ് സെന്റർ (ബിപിആർസി ) ഇത്തിക്കരയിൽ പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ പദ്ധതിയുടെ ഭാഗമായാണ് റിസോഴ്സ് സെന്റർ പ്രവർത്തിക്കുന്നത്. എംപ്ലോയബിലിറ്റി സെന്റർ, ബ്ലോക്ക് ഇൻഫർമേഷൻ സെന്റർ, തൊഴിൽ സഭ ഏകോപനവും തുടർ പ്രവർത്തനങ്ങളും, പരിശീലന സംവിധാനം, ബ്ലോക്ക്തല പി എം യു എന്നിവയെല്ലാം റിസോഴ്സ് സെന്ററിന്റെ ഭാഗമാണ്.

# തീർഥാടകരെ കാത്ത് ശബരിമല ഒരുങ്ങുന്നു

**ചെങ്ങന്നൂർ:** മണ്ഡല മകരവിളക്കായതോടെ തീർഥാടകരെ കാത്ത് ശബരിമല ഒരുങ്ങുന്നു.മണ്ഡല മകരവിളക്കു മുന്നൊരുക്ക അവലോകനയോഗം കഴിഞ്ഞദിവസം ചേർന്നു.ശബരിമല തീർഥാടനം മികച്ച സൗകര്യമൊരുക്കി വിജയിപ്പിക്കേണ്ടത് കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും കടമയാണെന്ന് മന്ത്രി കെ. രാധാകൃഷ്ണൻ പറഞ്ഞു.

മണ്ഡല മകരവിളക്കു മുന്നൊരുക്ക അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു രാധാകൃഷ്ണൻ. സംസ്ഥാനത്തെ എല്ലാ ആരാധനാലയങ്ങളിലും കടന്നുവരുന്ന അയ്യപ്പഭക്തർക്ക് സൗകര്യങ്ങൾ ഒരുക്കണമെന്നും വിവിധ വകുപ്പുകളുടെ യോജിച്ച പ്രവർത്തനത്തിലൂടെ തീർഥാടനകാലം വിജയിപ്പിക്കണമെന്നും മന്ത്രി പറഞ്ഞു.



ചെങ്ങന്നൂർ നഗരസഭ കോൺഫ്രൻസ് ഹാളിൽ ചേർന്ന യോഗത്തിൽ മന്ത്രി സജി ചെറിയാൻ അധ്യക്ഷനായി. കുന്നത്തുമലയിൽ നിർമാണം നടക്കുന്ന ഇടത്താവളത്തിന് സമീപം ദേവസ്വം ബോർഡും നഗരസഭയും ചേർന്ന് താത്കാലിക ശുചിമുറികൾ അടിയന്തിരമായി നിർമിക്കണം. റെയിൽവേ സ്റ്റേഷൻ പരിസരത്ത് പ്രവർത്തിക്കുന്ന വിവിധ സർക്കാർ വകുപ്പുകളുടെ കേന്ദ്രങ്ങൾക്ക് വൈദ്യുതി ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ നൽകാത്ത റെയിൽവേയുടെ നിലപാട് പുനപരിശോധിക്കണമെന്നും രാധാകൃഷ്ണൻ പറഞ്ഞു.

കൊടിക്കുന്നിൽ സുരേഷ് എംപി, നഗരസഭ ചെയർപേഴ്സൺ സൂസമ്മ എബ്രഹാം, ദേവസ്വം ബോർഡ് അംഗങ്ങളായ എസ്. എസ്. ജീവൻ, ബി .സുന്ദരേശൻ, സെക്രട്ടറി ജി .ബൈജു തുടങ്ങിയവർ പ്രസംഗിച്ചു.

വാടകയ്ക്ക് സ്ഥലം കണ്ടെത്തി തീർഥാടകർക്കു വിരിവെയ്ക്കുന്നതിന് തയാറാക്കും. തണ്ണീർ പന്തലുകൾ ഒരുക്കം. നഗരസഭ ആബുലൻസും പാലിയേറ്റീവ് കെയർ വാഹനവും അടിയന്തിര ഘട്ടത്തിൽ സജ്ജമാക്കും. സീസണിലേക്ക് താത്കാലികമായി 25 ശുചീകരണ തൊഴിലാളികളെയും അഞ്ചു സുരക്ഷാ ജീവനക്കാരെയും വിവിധ ഭാഷകൾ അറിയാവുന്ന മൂന്നു ജീവനക്കാരെയും നിയമിക്കാനുള്ള നടപടികൾ ആരംഭിച്ചു.

അലോപ്പതി, ആയുർവേദ, ഹോമിയോ മെഡിക്കൽ സ്റ്റാളുകൾ റെയിൽവേ സ്റ്റേഷൻ പരിസരത്ത് പ്രവർത്തിക്കും. റെയിൽ സ്റ്റേഷൻ പരിസരം യാചക നിരോധന മേഖലയായി പ്രഖ്യാപിക്കും. ഗ്രീൻ പ്രോട്ടോക്കോളിൻറെ ഭാഗമായി തീർഥാടകർക്ക് പ്ലാസ്റ്റിക് സഞ്ചിക്കു പകരമായി തുണി സഞ്ചികൾ വിതരണം ചെയ്യും.

ചെങ്ങന്നൂർ പോലീസ് കൺട്രോൾ റൂം ആരംഭിക്കും. റെയിൽവേ സ്റ്റേഷൻ, കെഎസ്ആർടിസി ബസ് സ്റ്റാൻഡ്, മഹാദേവ ക്ഷേത്രം എന്നീ സ്ഥലങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റുകൾ സ്ഥാപിക്കും.

റെയിൽ സ്റ്റേഷൻ പരിസരത്തെ പ്രീപെയ്ഡ് ടാക്സി കൗണ്ടർ സേവനം ഏറ്റെടുക്കും. പമ്പാ നദിയിൽ മിത്രപ്പുഴ കടവിൽ എയ്ഡ് പോസ്റ്റ് ആരംഭിക്കും. അനധികൃത വാഹന പാർക്കിംഗ് ട്രാഫിക് പോലീസ് നടപടികൾ സ്വീകരിക്കും.

ഭക്ഷ്യസുരക്ഷ വകുപ്പിൻറെ പരിശോധന സ്കാഡ് പ്രവർത്തിക്കുന്നതോടൊപ്പം നഗരസഭ, താലൂക്ക് സപ്ലൈ ഓഫീസ് എന്നിവയോട് ചേർന്ന് ഹോട്ടലുകളിലും ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങളിലും പരിശോധന നടത്തും. ഇറിഗേഷൻ വകുപ്പിൻറെ നേതൃത്വത്തിൽ മിത്രപ്പുഴ കടവ് പുനരുദ്ധീകരണ പ്രവർത്തനങ്ങൾക്ക് രണ്ടര ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കി പ്രവർത്തനങ്ങൾ ആരംഭിച്ചു.

സ്വകാര്യ വാഹനങ്ങളുടെ വാടക തീരുമാനിക്കാൻ ഗതാഗത വകുപ്പ് യോഗം ചേരും. സീസണിൽ ശബരിമല പാതയിൽ കൂടുതൽ വാഹന പരിശോധനകൾ ഉണ്ടാകും. ക്ഷേത്ര പരിസരത്ത് 16 സിസി ടിവി കാമറകൾ പ്രവർത്തിക്കും. ശുചിമുറികളും കുടിവെള്ളവും ലഭ്യമാക്കും.

കെഎസ്ആർടിസി 70 ബസ് പമ്പ സർവീസ് നടത്തും. പ്രധാന പാതകളിൽ വൈദ്യുതി പോസ്റ്റുകളിലെ അറ്റകുറ്റപ്പണികൾ അവസാന ഘട്ടത്തിലാണ്. റെയിൽവേ, മഹാദേവ ക്ഷേത്ര പരിസരത്ത് താത്കാലിക വൈദ്യുതി കണക്ഷൻ നൽകും. 100 എൽഇഡി ലൈറ്റുകൾ സ്ഥാപിക്കും.

ചെങ്ങന്നൂർ ജില്ല ആശുപത്രിയിൽ ആറു കിടക്കകളോടു കൂടിയ ശബരിമല വാർഡ് ആരംഭിക്കും. നാലു ആബുലൻസുകളും തീർഥാടകർക്കായി ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഭക്ഷ്യപരിശോധന ഉണ്ടാകും. ഫോഗിംഗും ആരോഗ്യ ബോധവത്ക്കരണവും നടത്തും. ജലസേചന വകുപ്പ് അധികം ജല ടാപ്പുകൾ സ്ഥാപിക്കും. അഗ്നിശമന സേനയുടെ നേതൃത്വത്തിൽമിത്രപ്പുഴ കടവിൽ 24 മണിക്കൂറും തയാറായ രണ്ടു സ്കൂബ ഡൈവറുമാരെ എക്സൈസ് വകുപ്പു പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കും.

# കാലംതെറ്റി പെയ്ത മഴ, കൊയ്യാറായ നെൽച്ചെടികൾ നശിച്ചു

**മുതലമട:** കാലവർഷവും കനാൽ വെള്ളവുമില്ലാതെ, കുഴൽക്കിണറിൽ നിന്നു ലഭിച്ച പരിമിതമായ ജലത്തിൽ വിളയിച്ച നെൽച്ചെടികൾ കൊയ്യാറായപ്പോൾ മഴയും കാറ്റുമെത്തി നശിപ്പിച്ചു.



മുതലമട മാമ്പള്ളത്തിൽ നിരവധി കർഷകരുടെ കൊയ്യാറായ പരുവത്തിലുള്ള നെൽച്ചെടികൾ മഴയിൽ വീണുകിടക്കുകയാണ്.

ഇനി കൊയ്ത്ത് നടത്തിയാൽ നിലവിൽ നല്കിവരുന്ന വാടകയുടെ ഇരട്ടി യത്രക്കൂലിയായി കൊടുക്കേണ്ടതായി വരുമെന്നതും കർഷകരെ അങ്കലാപ്പിലാക്കിയിരിക്കുകയാണ്.

കൂടാതെ കൂടുതൽ നെൽമണികൾ വയലിൽ കൊഴിഞ്ഞും സാമ്പത്തിക നഷ്ടത്തിനുമിടവരും.

തൊഴിലാളികളെ ഉപയോഗിച്ച് കൊയ്യണമെങ്കിൽ അതിനു പണിക്കാരെ കിട്ടാത്ത സാഹചര്യമാണ്. ഇത്തരം പ്രതിസന്ധികളെ തരണംചെയ്ത് കൊയ്ത്ത് നടത്തിയാൽ തന്നെ നെല്ല് സംഭരണത്തിന് ഏറെസമയം കാത്തിരിക്കേണ്ടതായും വരും.

കഴിഞ്ഞ തവണ നെല്ലളന്നവർക്ക് ആറുമാസത്തിനു ശേഷമാണ് പ്രതിഫലം ലഭിച്ചത്.

ഇന്ന് നേരിടുന്ന പ്രതിസന്ധി വിലയിരുത്തിയാൽ കർഷകർ കൂട്ടത്തോടെ നെൽകൃഷി ഉപേക്ഷിച് ഉപജീവനത്തിന് വേറെ മാർഗം കണ്ടെത്തുമെന്നതാണ് നിലവിലെ സാഹചര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്.

# കൊല്ലം തുറമുഖത്ത് ഇമിഗ്രേഷൻ ചെക്ക് പോയിന്റ്: കാത്തിരിപ്പ് തുടരുന്നു

**കൊല്ലം:** വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ തുറമുഖം പ്രവർത്തനക്ഷമമായതോടെ വലിയ സാധ്യതയുള്ള കൊല്ലം തുറമുഖത്ത് അടിയന്തരമായി ഇമിഗ്രേഷൻ ചെക്ക് പോയിന്റ് അനുവദിക്കണമെന്ന് ആവശ്യം ഉയരുന്നു. ഇതിനാവശ്യമായി നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. വിഴിഞ്ഞത്തിന്റെ ഫീഡർ തുറമുഖമായി കൊല്ലം മാറും എന്നാണ് പ്രതീക്ഷ.

ഇന്റർനാഷനൽ മാരിടൈം ഓർഗനൈസേഷന്റെ ഇന്റർനാഷനൽ ഷിപ്പിങ് ആൻഡ് പോർട്ട് സെക്യൂരിറ്റി കോഡ് (ഐഎസ്പിഎസ്) ലഭിച്ചെങ്കിലും ഇമിഗ്രേഷൻ ചെക്ക് പോയിന്റിനായുള്ള കാത്തിരിപ്പു തുടരുകയാണ്.

സുരക്ഷാ സംവിധാനം ഉള്ള രാജ്യാന്തര തുറമുഖങ്ങൾക്കാണ് ഐഎസ്പിഎസ് കോഡ് അനുവദിക്കുന്നത്. കഴിഞ്ഞ ജൂണിൽ കൊല്ലം തുറമുഖത്തിന് ഐഎസ്പിഎസ് കോഡ് താൽക്കാലികമായി ലഭിക്കുകയും ചെയ്തു. ഇതിന്റെ കാലാവധി ഡിസംബറിൽ പൂർത്തിയാകും. കോഡ് സ്ഥിരമായി ലഭിക്കുന്നതിനുള്ള നടപടികളും പൂർത്തിയായിയിട്ടുണ്ട്.

സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി 10 ഏക്കർ സ്ഥലം ചുറ്റുമതിൽ കെട്ടി അതിനു മുകളിൽ വേലി സ്ഥാപിച്ചിട്ടുണ്ട്.

ആവശ്യമായ വിളക്കുകൾ, നിരീക്ഷണത്തിനു പരിശോധനയ്ക്കും ഉപയോഗിക്കുന്ന ക്യാമറകൾ, തുറമുഖത്തിന്റെ 50 മീറ്റർ ചുറ്റളവിൽ കരയിലും കടലിലും അതിക്രമിച്ചു കയറുന്നത് ശിക്ഷാർഹമാണെന്ന് ബോർഡ് സ്ഥാപിക്കൽ തുടങ്ങിയവ പൂർത്തിയാക്കിയതിനെ തുടർന്നാണ് ഐഎസ്പിഎസ് കോഡ് അനുവദിച്ചത്. 2 ഇൻസ്പെക്ടർമാർ, 8 എസ്ഐ മാർ, 2 സിവിൽ പൊലീസ് ഉദ്യോഗസ്ഥർ എന്നിങ്ങനെ 14 പോലീസ് ഉദ്യോഗസ്ഥരെ ഡപ്യൂട്ടേഷനിൽ നിയമിക്കുന്നതിനും നടപടി ആയി. ഐഎസ്പിഎസ് കോഡ് അനുവദിച്ചതോടെ ഇമിഗ്രേഷൻ ചെക്ക് പോയിന്റ് ഉടൻ അനുവദിക്കും എന്നായിരുന്നു പ്രതീക്ഷ

# കൊച്ചി നഗരത്തിലെ ഗതാഗതം സുഗമമാക്കൽ: നടപടികൾ സ്വീകരിച്ച് ട്രാഫിക് റഗുലേറ്ററി കമ്മിറ്റി

**കൊച്ചി:** കൊച്ചി നഗരത്തിലെ ഗതാഗതം സുഗമമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ മേയർ അഡ്വ.എം അനിൽകുമാറിൻറെ അദ്ധ്യക്ഷതയിൽ ചേർന്ന ട്രാഫിക് റഗുലേറ്ററി കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്തു. നഗരത്തിലെ പ്രധാനപ്പെട്ട സ്കൂളുകൾ, കോളജുകൾ, ആശുപത്രികൾ എന്നിവ വരുന്ന പ്രദേശങ്ങൾ സൈലൻറ് സോണുകളായി നിലനിറുത്തുന്നതിന് നോ ഹോൺ ബോർഡുകൾ സ്ഥാപിക്കുന്ന നടപടികൾ വേഗത്തിലാക്കും. കൊച്ചിയുടെ പ്രധാനപ്പെട്ട ടൂറീസം മേഖലയായ ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി പ്രദേശങ്ങളിൽ നേരിടുന്ന ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൊച്ചി എം.എൽ.എ യുടെ നേതൃതത്തിൽ യോഗം ചേർന്ന് നിർദ്ദേശങ്ങൾ കമ്മിറ്റിയിൽ സമർപ്പിക്കും. വാഹനങ്ങളുടെ അനധികൃത പാർക്കിംഗ് മൂലം ഉണ്ടാകുന്ന അപകടങ്ങളും ഗതാഗത കുരുക്കും നഗരഗതാഗത്തെ ഗുരുതരമായി ബാധിക്കുന്ന വിഷയമാണ്. കലൂർ പൊറ്റക്കുഴി ജംഗ്ഷനിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിന് പൊറ്റക്കുഴി മാമംഗലം റോഡിൽ വൺവേ സംവിധാനം ഏർപ്പെടുത്തും. കലൂർ വൈലോപ്പിള്ളി ലെയിനിലും വൺവേ സംവിധാനം നടപ്പാക്കുന്നതാണ്. ചിറ്റൂർ റോഡിലുള്ള സൗത്ത് സ്റ്റോപ്പിൽ നിറുത്തുന്ന ബസുകൾ കൃത്യമായി ബസ് സ്റ്റോപ്പിൽ തന്നെ നിറുത്തുന്ന കാര്യം കർശനമായി നിരീക്ഷിക്കുന്നതിന് ട്രാഫിക് പോലീസിന് നിർദ്ദേശം നൽകി. ഗവ.ഗേൾസ് സ്കൂളിന് മുമ്പിൽ ബസുകൾ നിറുത്തുന്നത് മൂലമുള്ള അപകടങ്ങൾ ഉണ്ടാകാതിരിക്കാനാണ് ഈ നടപടി. മേയറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ നഗരാസൂത്രണകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ, ഫോർട്ടുകൊച്ചി ആർ.ഡി.ഒ, ട്രാഫിക് അസി. കമ്മീഷണർമാർ, കോർപ്പറേഷൻ,മോട്ടോർ വാഹന വകുപ്പ്, പി.ഡബ്ല്യൂ.ഡി, കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരും പങ്കെടുത്തു.

## കൊച്ചി വാട്ടർ മെട്രോ ടെർമിനലുകളുടെ നിർമ്മാണം

# നിർമ്മാണങ്ങളിൽ ആശങ്ക വേണ്ട: കെ.എം.ആർ.എൽ

**കൊച്ചി:** കൊച്ചി വാട്ടർ മെട്രോ ടെർമിനലുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പുറത്തുവരുന്നത് വസ്തുതാവിരുദ്ധമായ പ്രചരണങ്ങളാണെന്ന് കെ.എം.ആർ.എൽ.നിർമ്മാണം സംയബന്ധിതമായി തുടങ്ങുവാൻ പരാജയപ്പെട്ടതിനാൽ കമ്പനിയുമായ കരാറിൽ നിന്ന് മട്ടാഞ്ചേരി ടെർമിനൽ കെഎംആർഎൽ മുൻപ് തന്നെ വേർപെടുത്തിയിട്ടുള്ളതാണ്. . മട്ടാഞ്ചേരി ടെർമിനലിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട റീടെൻഡർ നടപടികൾ അവസാനഘട്ടത്തിലാണ്.ഫോർട്ട് കൊച്ചി ടെർമിനലിന്റെ നിർമ്മാണത്തിന്റെ ഭാഗമായി മാത്രമാണ് നിർമ്മാണ കരാർ ഏറ്റെടുത്തിരുന്ന കമ്പനി ചില ജോലികൾ സബ് കോൺട്രക്റ്റ് നൽകിയതായി കെഎംആർഎല്ലിന് അറിവുള്ളത്. നിർമ്മാണ കരാർ നൽകിയിട്ടുള്ള മറ്റ് ടെർമിനലുകളിൽ ഒന്നും തന്നെ ആരോപണ വിധേയരായ കമ്പനിക്ക് സബ് കോൺട്രാക്റ്റ് നൽകിയതായി കെഎംആർഎല്ലിന് അറിവുള്ളതല്ല. ഫോർട്ട് കൊച്ചി ടെർമിനലിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. കെഎംആർഎൽ, ജനറൽ കൺസൾട്ടന്റ് ആയ എഇകോം എന്നിവയിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നിർമ്മാണം. നിർമ്മാണത്തിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ കരാർ കമ്പനി മുഖാന്തരം അവ പരിഹരിച്ച് മുന്നോട്ട് പോകും. ക്രിസ്തുമസ്, ന്യൂ ഇയർ സമയങ്ങളിൽ ഫോർട്ട് കൊച്ചിയിലേക്കെത്തുന്ന സഞ്ചാരികൾക്കും പ്രദേശവാസികൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ ഡിസംബർ അവസാനത്തോടെ നിർമ്മാണം പൂർത്തിയാക്കി ടെർമിനൽ പൊതുജനങ്ങൾക്ക് തുറന്നു നൽകാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും കെഎംആർഎൽ അധികൃതർ വ്യക്തമാക്കി.

## ഡോ. ജോർജ് തയ്യിലിന് ദീപിക എക്സലൻസ് അവാർഡ്



**കൊച്ചി:** ദീപികയുടെ 137 -ാം വാർഷികാഘോഷച്ചടങ്ങിൽ ദീപിക എക്സലൻസ് അവാർഡ് ഹൃദ്രോഗ വിദഗ്ധനും, എഴുത്തുകാരനുമായ ഡോ. ജോർജ് തയ്യിലിന് പശ്ചിമബംഗാൾ ഗവർണർ ഡോ. സി.വി. ആനന്ദബോസ് ഐ.എ.എസ് സമ്മാനിക്കുന്നു.കേരളത്തിലെ ഹൃദ്രോഗചികിത്സാരംഗത്ത് കഴിഞ്ഞ മൂന്നു പതിറ്റാണ്ടിലേറെ ക്കാലമായി ഡോ. ജോർജ് തയ്യിൽ പുലർത്തുന്ന സ്തുത്യർഹമായ സേവന മികവിനെയും ഹൃദ്രോഗ ബോധവത്കരണത്തിനായി അദ്ദേഹ മെഴുതിയ നിരവധി ബെസ്റ്റ് സെല്ലർ ഗ്രന്ഥങ്ങളെയും ആദരിച്ചാണ് പുരസ്കാരം.

## ആസ്പയർ 2023 മെഗാ തൊഴിൽ മേള 27ന്

**കൊച്ചി:** അസാപ് കേരളയുടെ നേതൃത്വത്തിൽ ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജ്(ഓട്ടോണോമസ്) ൽ ഒക്ടോബർ 27 ന് ആസ്പയർ 2023 എന്ന പേരിൽ മെഗാ തൊഴിൽ മേള സംഘടിപ്പിക്കുന്നു. ഐ.ടി, ബാങ്കിംഗ് ഫിനാൻഷ്യൽ സർവ്വീസസ് ആൻഡ് ഇൻഷുറൻസ് , ഓട്ടോമൊബൈൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, സിവിൽ തുടങ്ങിയ മേഖലകളിൽ നിന്നുമുള്ള തൊഴിലവസരങ്ങളിലേക്ക് അസാപ് കോഴ്സുകൾ പഠിച്ചിറങ്ങിയതും അല്ലാത്തതുമായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. ഈ പ്ലേസ്മെന്റ് ഡ്രൈവിൽ എത്ത്നസ്, എൽ & ടി, സീഗൾ, ഐ.സി.എൽ ഫിൻകോർപ്, ഹൈകോൺ, ഡിജിപെർഫോം, ധനലക്ഷ്മി ബാങ്ക്, ജീവൻ ഇൻഫോടെക്, തുടങ്ങി പതിനഞ്ചോളം കമ്പനികൾ പങ്കെടുക്കും. പ്ലേസ്മെന്റ് ഡ്രൈവിൽ പുതുമുഖങ്ങൾക്ക് മാത്രമല്ല വിവിധമേഖലകളിൽ അനുഭവ സമ്പത്തുള്ളവർക്കും കൂടി പങ്കെടുക്കാം. പ്രതിമാസം പതിനായിരം മുതൽ ഒരു ലക്ഷം രൂപയിലധികം വരെ ശമ്പളം ലഭിക്കുന്ന ജോലികൾ കേരളത്തിൽ മാത്രമല്ല ഇന്ത്യയിലെ മറ്റു സ്ഥലങ്ങളിലും വിദേശ രാജ്യങ്ങളിലും ഉദ്യോഗാർഥികൾക്ക് ലഭിക്കാൻ തൊഴിൽ മേള സഹായിക്കും.രജിസ്ട്രേഷന് വേണ്ടി : https://t.ly/5wQel രജിസ്ട്രേഷൻ അവസാനിക്കുന്നത് : ഒക്ടോബർ 24 കൂടുതൽ വിവരങ്ങൾക്ക് : 9495999617

## മെഡിക്കൽ ഓഫീസർ നിയമനം

**കൊച്ചി:** തൃപ്പൂണിത്തുറ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ മെഡിക്കൽ ഓഫീസർ / കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ നിയമനം നടത്തുന്നു. താല്പര്യമുള്ളവർ ഒക്ടോബർ 27ന് ആശുപത്രിയിൽ നടക്കുന്ന അഭിമുഖത്തിൽ മാർക്ക് ലിസ്റ്റ്, യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകൾ സഹിതം പങ്കെടുക്കേണ്ടതാണ്. എം.ബി.ബി.എസ് യോഗ്യതയും സ്ഥിരം ടി.സി.എം.സി / കൗൺസിൽ ഓഫ് മെഡിസിൻ കേരള സ്റ്റേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഉള്ളവർക്ക് അപേക്ഷിക്കാം.

## താൽക്കാലിക നിയമനം: അഭിമുഖം 21ന്

**കൊച്ചി:** കളമശ്ശേരി ഗവ ഐടിഐ ക്യാമ്പസിൽ വ്യവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഗവ അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിങ് സിസ്റ്റത്തിൽ (ഗവ. എ.വി.ടി.എസ് ) വിവിധ ട്രേഡുകളിൽ ഗസ്റ്റ് ഇൻസ്ട്രക്ടർ താൽക്കാലിക നിയമനം. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ശനിയാഴ്ച്ച (ഒക്ടോബർ 21) രാവിലെ 11ന് എ.വി.ടി.എസ് പ്രിൻസിപ്പൽ മുമ്പാകെ ഹാജരാകണം. ഫോൺ 8089789828, 0484 2557275.മണിക്കൂറിന് 240 രൂപ നിരക്കിൽ പരമാവധി പ്രതിമാസ വേതനം 24000 രൂപ. അഡ്വാൻസ്ഡ് വെൽഡിങ് ട്രേഡിൽ മെക്കാനിക്കൽ എൻജിനീയറിങ് ഡിഗ്രിയും ഒരു വർഷത്തെ പ്രവർത്തി പരിചയവും അല്ലെങ്കിൽ ഡിപ്ലോമയും രണ്ടു വർഷത്തെ പ്രവർത്തിപരിചയവും അല്ലെങ്കിൽ എൻ ടി സി, എൻ എ സിയിൽ മൂന്നുവർഷത്തെ പ്രവർത്തി പരിചയവുമുള്ള മുസ്ലിം വിഭാഗക്കാർക്ക് അഭിമുഖത്തിൽ പങ്കെടുക്കാം. ഡൊമസ്റ്റിക് അപ്ലയൻസ് മെയിന്റനൻസ് (ഇലക്ട്രിക്കൽ) ട്രേഡിൽ ഇലക്ട്രിക്കൽ എൻജിനീയറിങ് ഡിഗ്രിയും ഒരു വർഷത്തെ പ്രവർത്തി പരിചയവും അല്ലെങ്കിൽ ഡിപ്ലോമയും രണ്ടു വർഷത്തെ പ്രവർത്തിപരിചയവും അല്ലെങ്കിൽ എൻ ടി സി, എൻ എ സിയിൽ മൂന്നുവർഷത്തെ പ്രവർത്തി പരിചയവുമുള്ളവർക്ക് ( ഓപ്പൺ) പങ്കെടുക്കാം.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഒരു സംസ്ഥാന അർദ്ധ സർക്കാർ സ്ഥാപനത്തിൽ ഡ്രൈവർ കം അറ്റൻഡന്റ് തസ്തികയിൽ ഈഴവ/ ബില്ലവ/ തിയ്യ വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള ഒരു താൽക്കാലിക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ഒക്ടോബർ 28 നകം യോഗ്യത/ പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരാകണം. ഏഴാം ക്ലാസ്സ് പാസ്സ്/ സാധുവായ എൽ.എം.വി ഡ്രൈവിംഗ് ലൈസൻസ്, അഞ്ച് വർഷത്തെ പ്രവൃത്തി പരിചയം എന്നിവയാണ് യോഗ്യത. ഈഴവ വിഭാഗത്തിന്റെ അഭാവത്തിൽ മറ്റ് സമുദായക്കാരെയും ഓപ്പൺ വിഭാഗത്തിലുള്ളവരെയും പരിഗണിക്കും. ഫോൺ: 0484 2422458

## കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ നിയമനം

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റി മുഖേന കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. താല്പര്യമുള്ളവർ നവംബർ ഒന്നിന് രാവിലെ 10ന് നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം. എം.ബി.ബി.എസ് / തുല്യ യോഗ്യതയും ടി.സി.എം.സി രജിസ്ട്രേഷനും ഉള്ളവർക്ക് അപേക്ഷിക്കാം. ഫോൺ: 0484 2386000.

# ആമസോൺ ഫാഷനിൽ നവരാത്രി ഇളവുകൾ

amazon

**കൊച്ചി:** നവരാത്രി പ്രമാണിച്ച് ആമസോൺ ഫാഷൻ ആൻഡ് ബ്യൂട്ടിയിൽ ഉത്പന്നങ്ങളുടെ വിപുല ശ്രേണിയും ആകർഷകമായ ഇളവുകളും. ആമസോൺ ഗ്രേറ്റ് ഇന്ത്യൻ ഫെസ്റ്റിവലിന്റെ ഭാഗമായി 80%വരെ കിഴിവ് നിശ്ചിത ഉത്പന്നങ്ങൾക്ക് ലഭിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു. ആദ്യ ഓർഡറുകൾക്ക് സൗജന്യ ഡെലിവറിയുമുണ്ട്. 1200ലേറെ ഫാഷൻ , ബ്യൂട്ടി ബ്രാൻഡുകളിൽ നിന്ന് 40 ലക്ഷത്തിലേറെ തരം ഉത്പന്നങ്ങൾ ലഭ്യമാണ്. വസ്ത്രങ്ങൾ, ആക്സസറികൾ, ഷൂ, മേക്കപ്പ് സാമഗ്രികൾ, പെർഫ്യൂം, ചർമ്മസംരക്ഷണ ഉത്പന്നങ്ങൾ, വാച്ച്, സൺ ഗ്ലാസ് എന്നിവയുടെ വിപുലമായ ശേഖരം ആമസോൺ ഫാഷൻ ആൻഡ് ബ്യൂട്ടിയിൽ ഒരുക്കിയിട്ടുണ്ട്.

## സംഘാടക സമിതി രൂപീകരണ യോഗം

**കൊച്ചി:** നവകേരള നിർമ്മിതിയുടെ ഭാഗമായി മുഖ്യമന്ത്രിയും മന്ത്രിമാരും സംസ്ഥാനത്തെ മുഴുവൻ നിയമസഭാ മണ്ഡലങ്ങളിലും പര്യടനങ്ങൾ നടത്തുന്ന നവ കേരള സദസിന്റെ ഭാഗമായി കോതമംഗലം മണ്ഡലതല സംഘാടക സമിതി രൂപീകരണ യോഗം ഒക്ടോബർ 20ന് (വെള്ളി) വൈകിട്ട് അഞ്ചിന് കോതമംഗലം കലാ ഓഡിറ്റോറിയത്തിൽ നടക്കും.

## ട്രെയിനി ഫാർമസിസ്റ്റ് ഒഴിവ്

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ മെഡിക്കൽ സ്റ്റോറിലേക്ക് ട്രെയിനി ഫാർമസിസ്റ്റ് തസ്തികയിലേക്ക് സ്റ്റൈപ്പന്റ് അടിസ്ഥാനത്തിൽ ആശുപത്രി വികസന സൊസൈറ്റിയുടെ കീഴിൽ താൽക്കാലിക നിയമനം നടത്തുന്നു. മൂന്ന് ഒഴിവുകളാണ് നിലവിലുള്ളത്. യോഗ്യത:പ്ലസ്ടു സയൻസ്, ഡി.ഫാം അല്ലെങ്കിൽ ബി ഫാം, ഫാർമസി കൗൺസിൽ രജിസ്ട്രേഷൻ. പ്രായപരിധി: 1836താൽപ്പര്യമുള്ളവർ യോഗ്യത, വയസ്സ് ,പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റും പകർപ്പും സഹിതം ഒക്ടോബർ 27 ന് (വെള്ളിയാഴ്ച) എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ മെഡിക്കൽ സ്റ്റോർ ഓഫീസിൽ രാവിലെ 11 ന് നടക്കുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കുക.

## ബ്ളോക്ക്തല മണ്ണ് ശേഖരണം

**കൊച്ചി:** ചെറായി സഹോദരൻ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിൽ ബ്ലോക്ക്തല മണ്ണ് ശേഖരണം നെഹ്റു യുവകേന്ദ്ര, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്കൂൾ എൻഎസ്എസ് യൂണിറ്റുകൾ എന്നിവയുടെ നേതൃത്വത്തിൽ നടത്തി. അമൃതകലശ യാത്ര പഞ്ചായത്ത് മെമ്പർ ഉഷാ സോമൻ ഉദ്ഘാടനം നിർവഹിച്ചു. യൂത്ത് വാളന്റീയർ ഗോഡ്വിൻ രാജു അധ്യക്ഷതവഹിച്ചു. ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ ശ്രീദേവി പള്ളിപ്പുറം, ഗ്രാമപഞ്ചായത്ത് മെമ്പർ ഉഷാ സോമൻ, എൻ.എസ്.എസ് ഓഫീസർ സലീം, പ്രസീജാ എന്നിവർ പ്രസംഗിച്ചു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ സലീം പ്രതിജ്ഞ ചൊല്ലികൊടുത്തു. ബ്ലോക്കിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസർമാരുടെയും എൻ.എസ്.എസ് യൂണിറ്റുകളുടെയും പങ്കാളിത്തം ശ്രദ്ധേയമായി.

## ടെൻഡർ ക്ഷണിച്ചു

**ആലപ്പുഴ:** കായംകുളം താലൂക്ക് ആശുപത്രിയിലെ ലബോറട്ടറിയിലേക്ക് മാർച്ച് 31വരെ ലാബ് കെമിക്കലുകൾ, ലാബ് റീഏജന്റുകൾ എന്നിവ വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു. 31ന് രാവിലെ 11 വരെ സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കായംകുളം എന്ന വിലാസത്തിൽ നൽകാം. ഫോൺ: 04792447274.

# സ്വകാര്യ സ്കൂളുകളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും




**കൊച്ചി:** ജില്ലയിലെ സ്വകാര്യ സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ തീരുമാനം. ലഹരി ഉപയോഗം വിദ്യാർത്ഥികൾക്കിടയിൽ വർധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിനെ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കാൻ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാന്റെ നേതൃത്വത്തിൽ നടന്ന നാർകോ കോഓഡിനേഷൻ സെന്റർ മെക്കാനിസം (എൻകോർഡ്) കമ്മിറ്റി യോഗത്തിൽ തീരുമാനമായി.സ്കൂൾ അസംബ്ലികളിലും പ്രധാന പരിപാടികളിലും ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കണം. വിദ്യാലയങ്ങളിലെ കലാകായിക മേളകളിലും മറ്റ് പരിപാടികളിലും വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊള്ളിച്ചുള്ള ഫ്ളാഷ് മോബുകൾ, നാടകങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കണം. മയക്കുമരുന്നിന്റെ വിപണനവും ഉപയോഗവും തടയുന്നതിന് സംസ്ഥാന പോലീസ് ആവിഷ്കരിച്ച യോദ്ധാവ് പദ്ധതിയെക്കുറിച്ച് വിദ്യാർഥികൾക്കിടയിൽ പ്രചാരണം നൽകണം. 9995966666 എന്ന നമ്പർ വഴി പൊതുജനങ്ങൾക്ക് ലഹരി ഉപയോഗത്തെ കുറിച്ചുള്ള വിവരങ്ങൾ പോലീസിന് നൽകാൻ യോദ്ധാവ് പദ്ധതിയിലൂടെ സാധിക്കും.കുട്ടികൾക്ക് ബോധവൽക്കരണം നൽകുന്നതിനൊപ്പം രക്ഷകർത്താക്കൾക്കും അധ്യാപകർക്കും വിദ്യാർഥികൾക്ക് ഇടയിൽ എങ്ങനെ ലഹരി ഉപയോഗം കണ്ടെത്താനാകും, എങ്ങനെ പ്രതിരോധം തീർക്കാം, ഇത്തരം പ്രശ്നങ്ങളിൽ പെട്ടുപോയ കുട്ടികളെ എങ്ങനെ തിരികെ കൊണ്ടുവരാം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ നൽകാനും യോഗത്തിൽ തീരുമാനിച്ചു. എക്സൈസ്, പോലീസ് വകുപ്പുകളുടെ സഹകരണത്തോടെയാണ് ക്ലാസുകൾ സംഘടിപ്പിക്കുക. വിദ്യാലയങ്ങളിൽ നിലവിലുള്ള സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ സജീവമാക്കും. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ റൂറൽ അഡി. എസ്.പി കെ. ബിജുമോൻ, നർക്കോട്ടിക് എ.എസ്.പി അബ്ദുൽ സലാം, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ഹണി ജി അലക്സാണ്ടർ, സി.ബി.എസ്.സി സിറ്റി കോ ഓഡിനേറ്റർ സുചിത്ര ഷിജിനിത്ത്, സ്കൂൾ അധികൃതർ, അധ്യാപകർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# 'മൂക്കന്നൂർ മിഷൻ' പദ്ധതിയുമായി ഫെഡറൽ ബാങ്ക്




**കൊച്ചി:** സമഗ്ര വികസനത്തിലൂടെ മൂന്നു വർഷത്തിനകം എറണാകുളം ജില്ലയിലെ മൂക്കന്നൂരിനെ സുസ്ഥിര ഡിജിറ്റൽ ഗ്രാമമാക്കി മാറ്റുന്നതിന് മൂക്കന്നൂർ മിഷൻ എന്ന വിപുലമായ പദ്ധതിക്ക് ഫെഡറൽ ബാങ്ക് തുടക്കമിട്ടു. ബാങ്കിന്റെ സ്ഥാപകനായ കെ. പി. ഹോർമിസിന്റെ106ാമത്ജന്മദിനത്തോടനുബന്ധിച്ചാണ് അദ്ദേഹത്തിന്റെ ജന്മനാടിനെ ബാങ്ക് ദത്തെടുത്തത്. ഗ്രാമത്തിലെ അടിസ്ഥാനസൗകര്യ, സാമൂഹിക മേഖലകളിൽ സമഗ്രമായ മാറ്റങ്ങളാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഗ്രാമത്തെ പൂർണമായും ഡിജിറ്റൈസ് ചെയ്യുക, സമഗ്ര മാലിന്യപരിപാലനം, സാമൂഹിക വികസനം, ഹരിതോർജ്ജ പദ്ധതികൾ എന്നിവയടങ്ങുന്നതാണ് മൂക്കന്നൂർ മിഷൻ. ഫൗണ്ടേഴ്സ് ഡേ ആഘോഷങ്ങളുടെ ഭാഗമായി മൂക്കന്നൂരിൽ സംഘടിപ്പിച്ച പരിപാടിയിൽ ഫെഡറൽ ബാങ്ക് എംഡിയും സിഇഒയുമായ ശ്യാം ശ്രീനിവാസൻ പദ്ധതി ഉദ്ഘാടനം ചെയ്തു. മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിജു പാലാട്ടി അധ്യക്ഷത വഹിച്ചു. സമഗ്ര വികസനത്തിലൂടെ മൂക്കന്നൂരിനെ രാജ്യത്തെ ഏറ്റവും മികച്ച മാതൃകാ സുസ്ഥിര ഗ്രാമമാക്കി മാറ്റുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് ശ്യാം ശ്രീനിവാസൻ പറഞ്ഞു. കെ പി ഹോർമിസ് എജ്യുക്കേഷണൽ ആൻഡ് ചാരിറ്റബിൾ സൊസൈറ്റി പ്രസിഡന്റ് ടി പി മത്തായി, സി എസ് ടിയുടെ സുപ്പീരിയർ ജനറൽ റവറന്റ് ബ്രദർ ഡോക്ടർ വർഗീസ് മഞ്ഞളി, മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് മെമ്പർ പി വി മോഹനൻ എന്നിവർ സംസാരിച്ചു.ഫെഡറൽ ബാങ്ക് ഹോർമിസ് മെമോറിയൽ ഫൗണ്ടേഷൻ ട്രസ്റ്റി രാജു ഹോർമിസ് ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഇതോട്ടോ വിതരണം ഫെഡറൽ ബാങ്ക് ചീഫ് എച്ച്ആർ ഓഫീസർ അജിത് കുമാർ കെ. കെ നിർവഹിച്ചു. വാർഡ് അംഗങ്ങൾക്ക് ബയോ ബിന്നുകളും വിതരണം ചെയ്തു.

# കാർബൂട്ട് സെയിലിന് അനുമതി അംഗീകരിക്കാനാവില്ല : സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസ്സിയേഷൻ

**കൊച്ചി :** പാശ്ചാത്യ രാജ്യങ്ങളിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്നതും, കേടുപാടുകൾ ഇല്ലാത്തതുമായ സെക്കൻഹാൻഡ് സാധനങ്ങൾ വിലക്കുറവിൽ വിറ്റഴിക്കുന്നതിന് അവലംബിക്കുന്ന രീതിയാണ് കാർബൂട്ട് സെയിലും അതിനായുള്ള മാർക്കറ്റുകളും. ഇത്തരം മാർക്കറ്റുകളിൽ സെക്കൻഹാൻഡ് വസ്തുക്കൾ മാത്രമാണ് വിൽപ്പന നടത്തുന്നത്. സംസ്ഥാനത്ത് കാർബൂട്ട് സെയിൽസിന് അംഗീകാരം കൊടുത്താൽ അത് വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുകയും വഴിയോര കച്ചവടം നിയമപരമാകുകയും ചെയ്യും. ഈ സാഹചര്യം ഒരു കാരണവശാലും അംഗീകരിക്കാനാവില്ലെന്ന് സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസ്സിയേഷൻ ഓഫ് കേരള (എസ്.ഡബ്യ്യു.എ.കെ.) സംസ്ഥാന കമ്മിറ്റി. എന്തും ഏതും വഴിയോരത്ത് വിൽപ്പന നടത്താം എന്ന അവസ്ഥ വന്നാൽ വലിയ മുതൽ മുടക്കിൽ സംസ്ഥാനത്തുടനീളം ആരംഭിച്ചിരിക്കുന്ന സൂപ്പർമാർക്കറ്റുകൾ അടച്ചു പൂട്ടേണ്ടിവരും. സംസ്ഥാന സർക്കാരിന് ഏറ്റവും കൂടുതൽ നികുതി വരുമാനം ലഭിക്കുന്ന വ്യാപാര മേഖല അപ്പാടെ തകരും. വ്യാപാരികളും തൊഴിലാളികളും ജീവനക്കാരും പ്രതിസന്ധിയിലാകുന്നതിലും രൂക്ഷമായിരിക്കും സംസ്ഥാന സർക്കാരിന്റെ നികുതി നഷ്ടം. ചെറുകിട ഇടത്തരം വ്യാപാരികൾ അപ്പാടെ പൂട്ടിപോകും. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ലൈസൻസ് ഫീസ്, കെട്ടിട ഉടമകൾക്ക് ലഭിക്കുന്ന വാടക, ജീവനക്കാരുടെ ശമ്പളം, തൊഴിലാളികളുടെ വേതനം, ക്ഷേമനിധി ഇവയ്ക്കൊന്നും പ്രസക്തി ഇല്ലാതാകും. ഇത്തരം സാഹചര്യം സംസ്ഥാനത്ത് ഉണ്ടാകാതെ വ്യാപാര മേഖലയെ സംരക്ഷിക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണെന്ന് സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസ്സിയേഷൻ ഓഫ് കേരള സംസ്ഥാന പ്രസിഡന്റ് ജോർഫിൻ പെട്ടയും, സംസ്ഥാന ജനറൽ സെക്രട്ടറി കെ എ സിയാവുദ്ദീനും വ്യക്തമാക്കി

# ഐസിഐസിഐ പ്രൂഡെൻഷ്യൽ ലൈഫ്: അറ്റാദായത്തിൽ 27 ശതമാനം വർധനവ്

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ ഐസിഐസിഐ പ്രൂഡെൻഷ്യൽ ലൈഫ് ഇൻഷൂറൻസിന്റെ അറ്റാദായം 27 ശതമാനം വർധിച്ചു. 4.51 ബില്യൺ രൂപയുടെ അറ്റാദായമാണ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ കൈവരിച്ചത്. പുതിയ ബിസിനസിന്റെ മൂല്യം 10.15 ബില്യൺ രൂപയിലെത്തിയതായും കണക്കുകൾ സൂചിപ്പിക്കുന്നു.സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ പരിരക്ഷാ വിഭാഗത്തിലെ റീട്ടെയിൽ ബിസിനസ് വാർഷികാടിസ്ഥാനത്തിൽ 73.7 ശതമാനം വർധിച്ചിട്ടുണ്ട്. പുതിയ ബിസിനസ് പരിരക്ഷാ മൂല്യം 52 ശതമാനം വർധിച്ച് 1.1 ട്രില്യൺ രൂപയിലുമെത്തിയിട്ടുണ്ട്. പരിരക്ഷ, റിട്ടയർമെന്റ് ആവശ്യം, സാമ്പത്തിക സുരക്ഷിതത്വം എന്നിവയ്ക്കായി ദശലക്ഷക്കണക്കിനു വരുന്ന ജനങ്ങളെ പിന്തുണക്കേണ്ട സാമൂഹിക ആവശ്യകതയാണു തങ്ങൾ നിറവേറ്റുന്നതെന്ന് ഐസിഐസിഐ പ്രൂഡെൻഷ്യൽ ലൈഫ് ഇൻഷൂറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ അനുപ് ബാഗ്ചി പറഞ്ഞു.

# സർക്കുലർ ഡിസൈൻ ചലഞ്ച് : അനീഷ് മൽപാനി ജേതാവ്

**കൊച്ചി:** റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ നെക്സ്റ്റ്ജെൻ ഫാബ്രിക് ബ്രാൻഡായ ആർ ഇലാൻ സംഘടിപ്പിച്ച ഇന്ത്യയിലെ ഏറ്റവും വലിയ സുസ്ഥിരതാ അവാർഡായ സർക്കുലർ ഡിസൈൻ ചലഞ്ച് ന്റെ അഞ്ചാമത് എഡിഷനിൽ ഇന്ത്യയിൽ നിന്നുള്ള 'വിത്തൗട്ട്' ലേബലിന്റെ ഡിസൈനർ അനീഷ് മൽപാനി വിജയിച്ചു. എഫ്ഡിസിഐയുടെ പങ്കാളിത്തത്തോടെ ഇന്ത്യയിലെ യുഎൻ ഹൗസിൽ നടന്ന ലാക്മെ ഫാഷൻ വീക്കിൽ ഫൈനൽ ഷോയിലാണ് ചലഞ്ച് അവസാനിച്ചത്. യൂറോപ്യൻ യൂണിയനിൽ നിന്നുള്ള ഫിലിപ്പെ ഫിയല്ലോയെ റണ്ണറപ്പായി പ്രഖ്യാപിച്ചു.വിജയിയായ അനീഷ് മൽപാനിക്ക് ക്യാഷ് പ്രൈസും സിഡിസി ട്രോഫിയും ആറ് മാസത്തെ മെന്റർഷിപ്പ് പ്രോഗ്രാമും ഒപ്പം 2024 മാർച്ചിൽ എഫ്ഡിസിഐയുടെ പങ്കാളിത്തത്തോടെ നടക്കുന്ന ലാക്മെ ഫാഷൻ വീക്കിൽ ഒരു സ്റ്റാൻഡ്എലോൺ ഷോകേസും ലഭിക്കും. റണ്ണർ അപ്പ് ആയ ഫിലിപ്പെ ഫിയല്ലോയ്ക്ക് ക്യാഷ് പ്രൈസും ലഭിച്ചു. ഫാഷൻ റെവല്യൂഷന്റെ സഹസ്ഥാപകനും എസ്റെത്തിക്കയുടെ ക്രിയേറ്റീവ് ഡയറക്ടറുമായ ഓർസോള ഡി കാസ്ട്രോയാണ് വിജയിക്കും റണ്ണർ അപ്പിനും മെന്റർഷിപ് നൽകുന്നത്.ഇക്കോഫ്രണ്ട്‌ലി ക്രിയേറ്റീവുകളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ആഗോളതലത്തിൽ ഫാഷൻ വ്യവസായത്തിന്റെ ഹരിതവും സുസ്ഥിരവുമായ ഭാവിയാണ് സർക്കുലർ ഡിസൈൻ ചലഞ്ചിലൂടെ ലക്ഷ്യമിടുന്നത്.ബ്രിട്ടിഷ് കൗൺസിൽ ഫോർ യുകെ, റിഡ്രസ് ഫോർ ഹോങ്കോംഗ്/ഏഷ്യ പസഫിക്, ദി യൂറോപ്യൻ യൂണിയന് വേണ്ടി ഇസ്റ്റിറ്റ്യൂട്ടോ മാരംഗോണി എന്നിവർ സിഡിസി യുടെ പങ്കാളികളാണ്.ഫാഷൻ വ്യവസായത്തിന്റെ എല്ലാ മേഖലകളിലും സുസ്ഥിരതയ്ക്കു വേണ്ടിയുള്ള അവബോധം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ അഞ്ച് വർഷം മുമ്പാണ് റിലയൻസ് സർക്കുലർ ഡിസൈൻ ചലഞ്ച് എന്ന ആശയത്തിന് തുടക്കമിട്ടത്.



# സാംസങ് ഗ്യാലക്സി എ സീരീസ് സ്മാർട്ട്ഫോണുകൾക്ക് ഓഫർ

**കൊച്ചി:** ഉത്സവ സീസൺ പ്രമാണിച്ച് സാംസങ് തിരഞ്ഞെടുത്ത ഗ്യാലക്സി എ സീരീസ് സ്മാർട്ട്ഫോണുകൾക്ക് ആകർഷകമായ ഓഫറുകൾ പ്രഖ്യാപിച്ചു. 3500 രൂപ വരെ ഇൻസ്റ്റന്റ് ക്യാഷ്ബാക്ക്, 2000 രൂപ വരെ ബാങ്ക് ക്യാഷ്ബാക്ക്, 14 മാസം വരെ ലളിത ഇഎംഐ പേയ്മെന്റ് ഓപ്ഷനുകൾ എന്നിവ ലഭ്യമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു. ഏറ്റവും മികച്ച ഫീച്ചറുകൾ, കിടയറ്റ ഡിസൈൻ, അതുല്യ വോയ്സ് ഫോക്കസ് ഫംഗ്ഷണാലിറ്റി ശബ്ദസംവിധാനം, ഡിഫൻസ്ഗ്രേഡ് സെക്യൂരിറ്റി പ്ലാറ്റ്ഫോം എന്നിവ സാംസങ് ഗ്യാലക്സി എ സീരീസ് സ്!മാർട്ട്ഫോണുകളുടെ പ്രത്യേകതകളാണ്.18499 രൂപയുള്ള ഗ്യാലക്സി എ14 5ജി (4ജിബി +64ജിബി വേരിയന്റ്) 14499 രൂപയ്ക്കും 28990 രൂപയുടെ ഗ്യാലക്സി എ23 5ജി (6ജിബി + 128 ജിബി വേരിയന്റ്) 18999 രൂപയ്ക്കും 35499 രൂപയുടെ ഗ്യാലക്സി എ34 5ജി (8ജിബി + 128ജിബി വേരിയന്റ്) തുടങ്ങിയ പ്രീമിയം എ സീരീസ് മോഡലുകൾ 25999 രൂപയ്ക്കും 41999 രൂപയുടെ ഗ്യാലക്സി എ54 5ജി (8ജിബി +128ജിബി വേരിയന്റ്) 33499 രൂപയ്ക്കും ഇപ്പോൾ ലഭിക്കും. യഥാക്രമം 44രൂപ, 47 രൂപ, 49 രൂപ, 63 രൂപ എന്നിങ്ങനെയാണ് സാംസങ് ഫൈനാൻസിൽ ഇവയുടെ പ്രതിദിന ഇഎംഐ.

# എഫ്ഐഐടിജെഇഇയുടെ ബിഗ് ബാംഗ് എഡ്ജ് ടെസ്റ്റ് ഒക്ടോബർ 22, 29 തീയ്യതികളിൽ

**കൊച്ചി:** മൽസര പരീക്ഷകൾക്കായി വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന സ്ഥാപനമായ എഫ്ഐഐടിജെഇഇയുടെ പ്രവേശനസ്കോളർഷിപ് പരീക്ഷയായ ബിഗ് ബാംഗ് എഡ്ജ് ടെസ്റ്റ് ഒക്ടോബർ 22, 29 തീയ്യതികളിൽ നടത്തും. രാജ്യവ്യാപകമായി ഓഫ്ലൈനായി മാത്രം നടത്തുന്ന ഈ പരീക്ഷയിൽ നിലവിൽ അഞ്ചു മുതൽ 11 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് അവസരമുള്ളത്. ഇസ്കൂൾ പ്രോഗ്രാമിനായുള്ള പരീക്ഷ ഓൺലൈനായും നടത്തും. ooo.യശഴയമിഴലറഴല.രീ ാ ൽ ടെസ്റ്റ് സംബന്ധിച്ച വിശദ വിവരങ്ങൾ ലഭിക്കും. പരീക്ഷകൾക്ക് രണ്ടു ദിവസം മുൻപു വരെയാണ് രജിസ്ട്രേഷൻ നടത്താനാവുക.

# ഫെസ്റ്റിവ് കളക്ഷനുമായി എച്ച് ആൻഡ് എം

**കൊച്ചി:** കാലാതീതമായ രൂപകൽപ്പനയ്ക്കും ഗുണനിലവാരത്തിനും പേരുകേട്ട എച്ച് ആൻഡ് എം ഈ ഉത്സവ സീസണിലേക്ക് പുതിയ കളക്ഷൻ അവതരിപ്പിക്കുന്നു ഈ കളക്ഷൻ സ്റ്റേറ്റ്മെന്റ് സ്യൂട്ടിംഗ്, പാർട്ടി ഡ്രസ്സുകൾ, മാച്ചിംഗ് സെറ്റുകൾ എന്നിവയിൽ സ്ട്രോംഗ് ഷോൾഡറുകൾ, ക്രോപ്പ്ഡ് ടോപ്പുകൾ, എന്നിവയുടെ ഡ്രേപ്പ് വിശദാംശങ്ങൾ പ്രദർശിപ്പിക്കുന്ന ഡിസൈനുകൾ കാഴ്ചവെക്കുന്നു. ടോപ്പുകൾ 1499 രൂപ, ആക്സസറികൾ 799 രൂപ എന്നിങ്ങനെ താങ്ങാനാവുന്ന നിരക്കുകളിൽ വില ആരംഭിക്കുന്നു. ഫെസ്റ്റിവൽ കളക്ഷന്റെ ആദ്യ ഘട്ടം എച്ച് ആൻഡ് എം. കോം സ്റ്റോറുകളിലും ഓൺലൈനിലും മിന്ത്രയിലും ലഭ്യമാകും.

# അവധിക്കാല ഓഫറുകളുമായി കൊച്ചി വണ്ടർല

**കൊച്ചി:**വണ്ടർലാ ഹോളിഡേയ്സ് ലിമിറ്റഡ് ഈ മാസം 20 മുതൽ 24 വരെ ആകർഷക അവധിക്കാല ഓഫറുകൾ പ്രഖ്യാപിച്ചു. ജന്മദിന സൗജന്യ ഓഫർ, എർലി ബേർഡ് ഓഫർ, കോളേജ് ഐഡി ഓഫർ എന്നിവ വണ്ടർലായുടെ പ്രത്യേക പാക്കേജിൽ ഉൾപ്പെടുന്നു.ജന്മദിനം ആഘോഷിക്കുന്നവർക്ക് പാർക്കിലേക്കു പ്രവേശനം സൗജന്യമാണ്. ജന്മദിനത്തിന് 5 ദിവസങ്ങൾക്ക് മുമ്പോ ശേഷമോ ഓൺലൈനിൽ ടിക്കറ്റ് ബുക്ക് ചെയ്താൽ സൗജന്യ ടിക്കറ്റ ലഭിക്കും. മൂന്ന് ദിവസം മുമ്പ് ഓൺലൈനിലൂടെ ടിക്കറ്റ് ബുക്ക് ചെയ്ത് പാർക്കിൽ പ്രവേശനം എളുപ്പമാക്കാനും 10% കിഴിവ് ലഭിക്കാനും അവസരമൊരുക്കുന്നതാണ് എർലി ബേർഡ് ഓഫർ. കോളേജ് ഐഡി ഓഫറിൽ 22 വയസ്സിന് താഴെയുള്ള വിദ്യാർത്ഥികൾക്ക് കോളേജ് ഐഡി കാർഡ് കാണിച്ച് എല്ലാ വണ്ടർല പാർക്കുകളിലും ടിക്കറ്റ് നിരക്കുകളിൽ ഫ്ലാറ്റ് 20% കിഴിവ് ലഭിക്കും.മികച്ച അനുഭവങ്ങൾ വണ്ടർലായിലെത്തുന്നവർക്ക് ഉറപ്പു നൽകാൻ ബാധ്യസ്ഥമാണെന്നു വണ്ടർലാ ഹോളിഡേസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ അരുൺ കെ ചിറ്റിലപ്പിള്ളി പറഞ്ഞു. നിരവധി ഇളവുകളും ആകർഷണങ്ങളും ഒരുക്കിയതായും അദ്ദേഹം വ്യക്തമാക്കി.

https://bookings.wonderla.com/ പോർട്ടൽ വഴി ടിക്കറ്റുകൾ ബുക്ക് ചെയ്യാം. കൂടുതൽ വിവരങ്ങൾവെബ്സൈറ്റിലും 04843514001, 7593853107 എന്നീ നമ്പറുകളിലും ലഭ്യമാകും.

# ദുബായ് ജൈടെക്സ് ടെക്ക് ഷോ; കേരള ഐ.ടി പവലിയൻ തുറന്നു




**കൊച്ചി:** ദുബായിയിലെ വാർഷിക ജൈടെക്സ് സാങ്കേതികവിദ്യാ പ്രദർശനത്തിലെ കേരള ഐ.ടി പവലിയൻ ഉദ്ഘാടനം ചെയ്തു. ടെക്നോപാർക്ക് സി.ഇ.ഒ കേണൽ സഞ്ജീവ് നായർ (റിട്ട.), ഇൻഫോപാർക്ക് ആന്റ് സൈബർപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ എന്നിവർ ചേർന്ന് ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ കേരളത്തിലെ വിവിധ ഐ.ടി കമ്പനി മേധാവികളും ജീടെക് പ്രതിനിധികളും പങ്കെടുത്തു. ദുബായ് വേൾഡ് ട്രേഡ് സെന്ററിൽ ഒക്ടോബർ 16ന് ആരംഭിച്ച് അഞ്ചുദിവസം നീണ്ടു നിൽക്കുന്ന പ്രദർശനത്തിൽ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് തുടങ്ങിയ കേരളത്തിലെ ഐ.ടി പാർക്കുകൾ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന 30 കമ്പനികളാണ് കേരളാ ഐ.ടി പാർക്ക്സിന്റെയും ഐ.ടി കമ്പനികളുടെ കൂട്ടായ്മയായ ജിടെക്കിന്റെയും നേതൃത്വത്തിൽ പങ്കെടുക്കുന്നത്. ഉൽപ്പന്നങ്ങളും പ്രതിവിധികളും അവതരിപ്പിക്കുന്നതിന് പുറമേ മധ്യപൂർവേഷ്യയിൽ വിപണി കേന്ദ്രീകരിക്കുന്നതിനും നിക്ഷേപക ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകളും കമ്പനികൾ ഈ പ്രദർശനത്തിലൂടെ ലക്ഷ്യമിടുന്നുണ്ട്. കേരളത്തിലെ ഐ.ടി, ഐ.ടി.ഇ.എസ് കമ്പനികളുടെ വലിപ്പവും ശക്തിയും ഊർജ്ജസ്വലതയും ലോകത്തിന് മുന്നിൽ തുറന്നുകാണിക്കാനുള്ള വലിയ ഒരു അവസരമാണ് ജൈടെക്സ് ഗ്ലോബൽ ടെക്ക് ഷോയെന്ന് ടെക്നോപാർക്ക് സി.ഇ.ഒ കേണൽ സഞ്ജീവ് നായർ പറഞ്ഞു. ഭാവിയെ ശാക്തീകരിക്കുന്നു എന്ന പുതിയ ലോഗോയും ടാഗ് ലൈനും ഉപയോഗിച്ച് കേരള ഐ.ടിയെ പുനഃർനാമകരണം ചെയ്തിട്ടുണ്ടെന്നും കൂടുതൽ കമ്പനികളെ കേരളത്തിലേക്ക് ആകർഷിക്കാനും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ജൈടെക്സ് ടെക് ഷോ സംസ്ഥാനത്തെ ഐ.ടി മേഖലയെ ആഗോള തലത്തിൽ അടയാളപ്പെടുത്തുകയാണ്. ഇതുവഴി ഐ.ടി വ്യവസായത്തിന്റെ അനന്തസാധ്യതകൾ കണ്ടെത്താനും രാജ്യാന്തര തലത്തിൽ പുതിയ ഉയരങ്ങൾ കീഴടക്കാനും സാധിക്കുമെന്ന് ഇൻഫോപാർക്ക് & സൈബർപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ പറഞ്ഞു. കേരളത്തിലെ ഐ.ടി കമ്പനികൾക്കും പ്രൊഫഷണലുകൾക്കും അവരുടെ മികവ് തെളിയിക്കുന്നതിനും ഇത് വഴിയൊരുക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ത്രീഡി പ്രിന്റിങ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഓഗ്മെന്റഡ് റിയാലിറ്റി, ബിഗ് ഡാറ്റ അനലിറ്റിക്സ്, ബ്ലോക്ക് ചെയിൻ, ക്ലൗഡ്, കംപ്യൂട്ടർ ഹാർഡ്വെയർ ആൻഡ് സോഫ്റ്റ്വെയർ, മൊബൈൽ ഹാർഡ്വെയർ ആൻഡ് സോഫ്റ്റ്വെയർ, കൺസ്യൂമർ ടെക്നോളജി, സൈബർ സെക്യൂരിറ്റി, ഡാറ്റാ സെന്റർ, ഡിജിറ്റൽ മാർക്കറ്റിങ്, ഡ്രോൺസ് ആൻഡ് എ.വി, എന്റർപ്രൈസ് സോഫ്റ്റ്വെയർ, ഫ്യൂച്ചർ ട്രാൻസ്പോർട്ടേഷൻ, ഗ്ലോബൽ സ്മാർട്ട് സിറ്റീസ്, ഗ്ലോബൽ സൊല്യൂഷൻ പ്രൊവൈഡേഴ്സ്, ഗൾഫ്കോംസ് ടെലികോം ആൻഡ് മൊബിലിറ്റി, ഇൻഫ്രാസ്ട്രക്ചർ നെറ്റ്വർക്ക് ആൻഡ് സെക്യൂരിറ്റി, ഐ.ഒ.ടി, മിക്സഡ് റിയാലിറ്റി, മൊബൈൽ ഡിവൈസ് ആൻഡ് ആക്സസറീസ്, ഫിസിക്കൽ ആൻഡ് കൊമേഴ്സ്യൽ സെക്യൂരിറ്റി, പ്രിന്റിങ്ങ് ആൻഡ് ബിസിനസ് സൊല്യൂഷൻസ്, സെൻസേഴ്സ്, സ്മാർട്ട് ഹോം, സ്മാർട്ട് വർക്ക് പ്ലെസ്, സോഫ്റ്റ്വെയർ ഡിജിറ്റൽ ഇമേജിങ്ങ്, വാല്യൂ ആഡഡ് ഡിസ്ട്രിബ്യൂട്ടേഴ്സ്, വിർച്വൽ റിയാലിറ്റി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന 30 കമ്പനികളാണ് കേരളത്തിൽ നിന്ന് ജൈടെക്സ് ടെക്ക് ഷോയിൽ പങ്കെടുക്കുന്നത്.

## ഐ.എച്ച്.ആർ.ഡി. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

**തിരുവനന്തപുരം:** കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി. 2023 ആഗസ്റ്റ് മാസത്തിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (പി.ജി.ഡി.സി.എ) / ഒന്നും രണ്ടും സെമസ്റ്റർ ഡിപ്ലോമ ഇൻ ഡാറ്റാ എൻട്രി ടെക്നിക്സ് ആന്റ് ഓഫീസ് ഓട്ടോമേഷൻ (ഡി.ഡി.റ്റി.ഒ.എ) /ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ഡി.സി.എ), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (സി.സി.എൽ.ഐ.എസ്) എന്നീ കോഴ്സുകളുടെ റഗുലർ /സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലവും മാർക്കിന്റെ വിശദാംശങ്ങളും അതാത് പരീക്ഷാകേന്ദ്രങ്ങളിൽ ബന്ധപ്പെട്ടാൽ അറിയാം. ഐ.എച്ച്.ആർ.ഡി.യുടെ വെബ്സൈറ്റിലും (www.ihrd.ac.in) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പുനർമൂല്യനിർണയത്തിനുള്ള അപേക്ഷകൾ നവംബർ രണ്ടു വരെ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ പിഴ കൂടാതെയും നാലു വരെ 200 രൂപ ലേറ്റ് ഫീ സഹിതവും സമർപ്പിക്കാം. ഫെബ്രുവരി 2024ലെ 2020 സ്കീം സപ്ലിമെന്ററി പരീക്ഷയ്ക്കായുള്ള പ്രത്യേകാനുമതി (special sanction) ആവശ്യമുള്ളവർ അപേക്ഷകൾ ഒക്ടോബർ 30 നു മുൻപായും 200 രൂപ ലേറ്റ് ഫീയോടുകൂടി 31 വരെയും അതാത് സ്ഥാപനമേധാവികൾ മുഖേന സമർപ്പിക്കണം. നിർദ്ദിഷ്ട തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.




## വൈപ്പിൻ ഉപജില്ല ശാസ്ത്രമേളക്ക് തുടക്കം



**കൊച്ചി:** വൈപ്പിൻ വിദ്യാഭ്യാസ ഉപജില്ലയിലെ ശാസ്ത്ര സാമൂഹ്യശാസ്ത്ര ഐ.ടി പ്രവൃത്തി പരിചയമേളക്ക് തുടക്കമായി. ഞാറക്കൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ മേളയുടെ ഉദ്ഘാടനം കെ.എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ നിർവഹിച്ചു.നിർമിത ബുദ്ധിയുടെ കാലത്ത് ശാസ്ത്രമേളകൾക്ക് നിർണായക പ്രസക്തിയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മികവിന്റെ മേളകളായി ഇവ ഉയരണം. അതിനുതക്ക വിധത്തിലാണ് ഉപജില്ല മേളയുടെ സംഘാടനമെന്നും എംഎൽഎ പറഞ്ഞു.13 ഹൈസ്കൂളുകളിലും 44 എൽ.പി, യു.പി സ്കൂളുകളിലും നിന്നുമായി ആയിരത്തിലേറെ വിദ്യാർത്ഥികൾ പങ്കെടുക്കുന്ന മേള മൂന്നു സ്കൂളുകളിലായാണ് നടക്കുന്നത്. ഗണിത, സാമൂഹ്യ ശാസ്ത്ര, ഐടി മേളകൾ ജി.വി.എച്ച്.എസ്.എസിലും ശാസ്ത്ര മേള എൽ.എഫ്.എച്ച്.എസിലും പ്രവൃത്തി പരിചയമേള സെന്റ് മേരീസ് യു.പി.എസിലുമാണ്.ഉദ്ഘാടന സമ്മേളനത്തിൽ ഞാറക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി രാജു അധ്യക്ഷയായി. വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുളസി സോമൻ മുഖ്യപ്രഭാഷണം നടത്തി. വൈപ്പിൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഷൈനമോൾ, ജനറൽ കൺവീനർ പി.എൻ ഉഷ, ഹയർസെക്കൻഡറി പ്രിൻസിപ്പാൾ സുബിരാജ്, വി.എച്ച്.എസ്.ഇ വിഭാഗം പ്രിൻസിപ്പാൾ ലീജിയ തുടങ്ങിയവർ സംസാരിച്ചു.